
ബൈബിൾ
ട്രൂത്ത്
THE BIBLE TRUTH

# പുതിയ നിയമ സഭ

സ്ഥാപകൻ - ക്രിസ്തു. സ്ഥലം - യെരുശലേം. എപ്പോൾ - എ.ഡി. 33-ൽ.
മത്തായി 16:18 തല - ക്രിസ്തു എഫെ. 1:22 പ്രവൃത്തി 2:5-47
പ്രവൃത്തി 2 തലസ്ഥാനം - സ്വർഗ്ഗം - ഫിലി 3:20

| | | | |
|---|---|---|---|
| സംഘടന<br>എഫെ 3:15 | മൂപ്പന്മാർ | - | തീത്തൊ 1:5-7, പ്രവൃത്തി 20:23 1തിമൊ 3:1-7 |
| | ശുശ്രൂഷകന്മാർ | - | പ്രവൃത്തി 6:1 1തിമൊ 3:8-13 |
| | അംഗങ്ങൾ | - | പ്രവൃത്തി 2:41-47, കൊലൊ 1:13, 1 കൊരി 1:2 |
| സഭയെ<br>അറിയപ്പെട്ടത്<br>എഫെ 3:15 | ദൈവസഭ | - | 1കൊരി 1:2, പ്രവൃത്തി 20:28 |
| | ക്രിസ്തുവിന്റെ ശരീരം | - | കൊലൊ 1:13, എഫെ 1:22-23 |
| | ക്രിസ്തുവിന്റെ സഭകൾ | - | മത്താ. 16:18, റോമർ 16: 16 |
| | ക്രിസ്തുവിന്റെ മണവാട്ടി | - | റോമർ 1:4, വെളി. 21:9 |
| അംഗങ്ങളെ<br>അറിയപ്പെട്ടത്<br>എഫെ 3:15 | ശിഷ്യന്മാർ | - | യോഹ. 15:8, പ്രവൃത്തി 11:26 |
| | വിശുദ്ധന്മാർ | - | റോമർ 1:7, 1 കൊരി 1:2, ഫിലി. 1:1 |
| | സഹോദരന്മാർ | - | ലൂക്കോ 8:21, ഗലാത്യർ 6:1 |
| | മക്കൾ | - | ഗലാത്യർ 3:26, 1 യോഹ 2:1 |
| | ക്രിസ്ത്യാനികൾ | - | പ്രവൃത്തി 11:26, 26:28, 1 പത്രൊ 4 :16 |
| വിശ്വാസ<br>നിയമവും | ദൈവവചനം | - | മത്തായി 28:18-20, 2 തിമൊ. 3:16-17<br>2 പത്രൊ 1:3 |
| പരിശീല<br>നവും<br><br>ആരാധന | പാട്ട് | - | കൊലൊ 3:16, എഫെ 5:19, 1 കൊരി 14:15,<br>എബ്രാ 2:12 |
| | പ്രാർത്ഥന | - | 1തെസ 5:17 |
| | പ്രസംഗം | - | പ്രവൃത്തി 5:42 |
| | കർത്തൃമേശ | - | പ്രവൃത്തി 20:7, 1 കൊരി 11:23 |
| | ധർമ്മ ശേഖരം | - | 1 കൊരി 16:1-2 |
| ദൗത്യം | ആത്മാക്കളെ രക്ഷിക്കൽ | - | മത്താ. 5:13-16, യോഹ 15:8-16,<br>1 തിമൊ 4:16 |
| മുന്നറിയിപ്പ് | വിശ്വസ്തരായിരിക്കണം | - | മത്തായി 15:9, 15:13, ഗലാ. 1:6-8,<br>2 യോഹ. 9-10 |

# THE BIBLE TRUTH

**Editors**

**P.K. VARGHESE** **J.C. CHOATE**

000 000 000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 19** **JULY** **2005** **No. 4**

## *എഡിറ്റോറിയൽ*

യെഹൂദ കാലഘട്ടത്തിൽ ജീവിച്ചിരുന്ന ആളുകളേക്കാൾ ഒട്ടും മെച്ചമല്ലാത്ത നിലവാരമാണ് ഇന്നത്തെ ആളുകളിൽ കാണുന്നതു. അവർ അന്നു അക്ഷരികമായ ദൈവത്തിന്റെ നിയമമായിരുന്ന ന്യായപ്രമാണം അനുസരിച്ചു ജീവിക്കേണ്ടവരായിരുന്നു. പക്ഷേ അവർക്കതു പാലിക്കാൻ കഴിഞ്ഞില്ല. സാധാരണക്കാരും മതാദ്ധ്യക്ഷന്മാരുമായിരുന്ന പുരോഹിതന്മാരും പ്രവാചകന്മാരും അവരുടെ ജീവിതം താന്താങ്ങൾക്കു ബോധിച്ച വിധമായിരുന്നു നയിച്ചിരുന്നത്. ദൈവനിയമത്തിനു പ്രാമുഖ്യം കല്പിക്കാതെയാണ് അവർ ജീവിച്ചത്. അന്നത്തെ മതനേതാക്കൾ മനുഷ്യരെ ദൈവേഷ്ടപ്രകാരം സേവിക്കുന്നതിനു പകരം മനുഷ്യരുടെ ഇഷ്ടപ്രകാരം അവരെ സേവിക്കാൻ തുടങ്ങി. തെറ്റു തിരുത്തുവാൻ നിയോഗിക്കപ്പെട്ടവർ തെറ്റിനെ പ്രോത്സാഹിപ്പിക്കയും ക്രമേണ അവരും തെറ്റുകാരായി മാറുകയും ചെയ്തു. സാധാരണക്കാരനെ നേർവഴിക്കു തിരിക്കേണ്ടവർ തന്നെ വഴിതെറ്റി സഞ്ചരിച്ചാൽ എന്താണ് സംഭവിക്കുക എന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളു. സാധാരണ ജനങ്ങളെ അന്ധതയിലൂന്നിയ പ്രവൃത്തികൾ ചെയ്യിച്ചു അവരെ നശിപ്പിക്കുന്ന പിശാചിന്റെ തന്ത്രത്തെ അവർ കാണുന്നില്ല. സത്യത്തിന്റേയും നീതിയുടേയും ഫലം അവർ മനസിലാക്കുന്നില്ല.

എട്ടും പത്തും വയസായ കുട്ടികളെ സ്കൂളിൽ ലഹരികലർന്ന പാക്ക് ഉപയോഗിക്കുവാൻ പ്രേരിപ്പിച്ചതു സ്വന്തം അമ്മയാണെന്നു പറയുമ്പോൾ കേൾക്കുന്നവർക്കു ഞെട്ടലുളവാകും. അതു നമ്മുടെ പട്ടണത്തിൽ സംഭവിക്കുന്നു. പിന്നെ യുവാക്കൾ മയക്കു മരുന്നിനു അടിമയാകുന്നതിൽ അതിശയിക്കാനില്ല. ഒരിക്കൽ അതി

നിരയായി തീർന്നവർ അതിൽ നിന്നു മോചിതരാകുന്നതു വളരെ വിരളമാണ്. അവരുടെ ശരീരത്തെയും മനസിനേയും ബുദ്ധിയേയും നശിപ്പിക്കുന്നതാണ് ഈ പ്രവണത. അതിലധികമായി അവരുടെ ആത്മാക്കൾ നഷ്ടപ്പെട്ടു പോകുന്നു എന്ന യാഥാർത്ഥ്യവും അവർ മറന്നു കളയുന്നു. ഇതിനെതിരെ സാംസ്ക്കാരിക നായകന്മാർ ശബ്ദമുയർത്തുന്നുണ്ട്. പക്ഷേ അടിസ്ഥാനപരമായി നാം ഈ പ്രശ്നത്തെ ഇല്ലാതാക്കുകയാണ് വേണ്ടതു. മാതാപിതാക്കളുടേയും അദ്ധ്യാപകരുടേയും കടമ അവർ ശരിയായി നിർവ്വഹിക്കണം. കുട്ടികളെ നിസാരമെന്നു സമൂഹം കണക്കാക്കുന്ന തെറ്റുകൾ ചെയ്യുവാൻ പോലും നാം അനുവദിക്കരുത്. അത്തരം ചിന്ത പ്രായമായവരിൽ ഉണ്ടാകണം. പലരും നിഷേധാത്മകമായിട്ടാണ് ഇതിനെ കൈകാര്യം ചെയ്യുന്നത്. എന്നാൽ നമ്മുടെ സമൂഹത്തെ മെച്ചപ്പെട്ട നിലവാരത്തിലെത്തിക്കുവാൻ നമുക്കു കഴിഞ്ഞില്ലെങ്കിൽ നമ്മുടെ തലമുറയെ അതു ബാധിക്കും എന്നോർക്കണം.

മതാദ്ധ്യക്ഷന്മാരെക്കുറിച്ച് പറയുകയാണെങ്കിൽ അവരുടെ ഇന്നത്തെ തെരുവു പ്രസംഗങ്ങളും പ്രകടനങ്ങളും തികച്ചും അവഹേളനമായി തീരുന്നു. രാഷ്ട്രീയക്കാരുടെ ധർണ്ണയും യോഗവും, വാശിയും, വഴക്കും ഇവർക്കിടയിൽ ഉണ്ടാകുന്നതെന്തുകൊണ്ട്? അവർക്കു തമ്മിൽതമ്മിലുണ്ടാകുന്ന അഭിപ്രായഭിന്നതകൾ പരിഹരിക്കാൻ തക്ക അറിവുള്ളവർ അവരിൽ ഇല്ലേ? അവർ അതു പരസ്യവേദിയിലേക്കു വലിച്ചിഴച്ച് മാദ്ധ്യമങ്ങൾ പരസ്യച്ചർക്കാക്കി അതിനെ മാറ്റുന്നു. ഇതു കേവലം പുറത്തുള്ള മനുഷ്യരെ ലജ്ജിപ്പിക്കയല്ലേ ചെയ്യുന്നത്? ഇവർ നിമിത്തം ദൈവനാമം ദുഷിക്കപ്പെടുകയല്ലേ ? മുകളിൽ പറഞ്ഞവയുടെ മൂലകാരണം അവരുടെ ജീവിതത്തിനു ശരിയായ അടിസ്ഥാനമില്ല. ശരിയായ അടിസ്ഥാനത്തിന്മേൽ കുടുംബജീവിതവും സഭാപ്രവർത്തനവും പണിതിരിക്കണം. കർത്താവിന്റെ സഭയിൽ വചനപ്രകാരം വിശ്വസിച്ച് അനുസരിച്ചു പരിശീലിക്കുകയാണ് എല്ലാവരും ചെയ്യേണ്ടത്. അങ്ങനെ എല്ലാ സാമൂഹികതിന്മകളും നമുക്കു ഉപേക്ഷിക്കാൻ കഴിയും. തദ്വാരാ നമ്മുടെ കുട്ടികളെ, യുവാക്കളെ, സമൂഹത്തെ, രാജ്യത്തെ എല്ലാം ശ്രേഷ്ഠനിലവാരത്തിലേക്കു ഉയർത്താനും കഴിയും.

★

# നിങ്ങൾ എന്തുകൊണ്ടു പ്രസംഗിക്കുന്നു?

## J.C. ചോട്ട്

നിങ്ങൾക്കു ഊഹിക്കാൻ കഴിയുന്ന എല്ലാം പ്രസംഗിക്കുന്ന ധാരാളം ഉപദേഷ്ടാക്കന്മാർ ലോകത്തിലുണ്ട്. അതുപോലെ നിങ്ങൾക്കു ഊഹിക്കാൻ കഴിയാത്ത പല കാര്യങ്ങളും അവർ പ്രസംഗിക്കുന്നുണ്ട്. ഒരുപക്ഷേ നിങ്ങൾ അവരിൽ ഒരാളാകാം. അങ്ങനെയെങ്കിൽ നിങ്ങൾ എന്തിനാണ് പ്രസംഗിക്കുന്നത്?

ചിലർ ഉപജീവനമാർഗ്ഗത്തിനു അഥവാ പണസമ്പാദ്യത്തിനായി ഉപദേശിക്കുന്നുണ്ട്. അവർ ഏതു സഭയിലാണെന്നോ പ്രസംഗിക്കുന്നതെന്താണെന്നോ അവർക്കു പ്രശ്നമല്ല. വേറേ എതെങ്കിലും സഭ കൂടുതൽ പണം കൊടുത്താൽ അവർ ആ സഭയ്ക്കു വേണ്ടി പ്രസംഗിക്കും. അവരെ എളുപ്പത്തിൽ "പരിവർത്തനം ചെ യ്യാം". അവരോടു പ്രസംഗിക്കാൻ ആവശ്യപ്പെടുന്നതെന്തും പ്രസംഗിക്കാൻ അവർക്കു മടിയില്ല.

മറിച്ചു വേറെ ചിലർ ഏതെങ്കിലും മതവിഭാഗത്തിൽ ജനിച്ചു വളർന്നവരായിരിക്കും. അവർ ആ വിഭാഗത്തിൽ ഉറച്ചു നില്ക്കും. അതിനുവേണ്ടി പ്രസംഗിക്കുകയും ചെയ്യും. അവരുടെ സഭ ബൈബിളിൽ ഉണ്ടോ ഇല്ലയോ എന്നൊന്നും അവർ നോക്കുന്നില്ല. അതു മനുഷ്യരാൽ സ്ഥാപിതമായതാണോ ദൈവത്താൽ സ്ഥാപിതമായതാണോ എന്നൊന്നും അവർ ചിന്തിക്കുന്നില്ല, അതു നവോത്ഥാന കാലയളവിൽ ഉടലെടുത്തതാണോ? അതോ അടുത്തകാലത്തുണ്ടായതാണോ എന്നൊന്നും അവർ തിരിച്ചറിയുന്നില്ല. അതു അമേരിക്കയിലാണോ, യൂറോപ്പിലാണോ, അതോ ഇന്ത്യയിലാണോ ആരംഭിച്ചതു എന്നതും അവർക്കു പ്രശ്നമല്ല. അതു മാനുഷിക പേരിൽ ആണോ അറിയപ്പെടുന്നതു? അംഗത്വത്തിനും രക്ഷക്കും അതിന്റെ നിർദ്ദേശങ്ങൾ പുതിയ നിയമസഭയിൽ ഉണ്ടോ എന്നും അവർ പരിശോധിക്കുന്നില്ല. അതിന്റെ ആരാധനാക്രമം പുതിയ നിയമത്തിൽ പറഞ്ഞിരിക്കുന്നതിനോടു കൂട്ടുകയോ കുറക്കുകയോ ചെയ്യുന്നുണ്ടോ എന്നും നോക്കാറില്ല. അവരുടെ പ്രാർത്ഥനാക്രമവും മറ്റു ഉപദേശങ്ങളും അനുഷ്ഠാനങ്ങളും മനുഷ്യരാൽ എഴുതപ്പെട്ട നിയമാവലികൾ അനുസരിച്ചാണോ അതോ ദൈവ വചന പ്രകാരമാണോ എന്നും പരിശോധിക്കാറില്ല. അത്തരം ആളുകൾ പാരമ്പര്യ സഭകളിൽ അജ്ഞരായി തുടരുന്നു.

മറ്റു ചിലർ തങ്ങൾ ഏതെങ്കിലും മതവിഭാഗത്തിൽ ജനിച്ചതുകൊണ്ട് അവർ വാസ്തവമായും അതു ശരിയാണെന്ന വിശ്വാസത്തിൽ അതിന്റെ ഉപദേശവും പ്രവർത്തനവും വ്യാപിപ്പിക്കുവാൻ പ്രസംഗിക്കുന്നു. പലപ്പോഴും സാമൂഹ്യസേവനം മനുഷ്യ സഹജമായ അനുകമ്പയിൽ ഊന്നൽ കൊടുത്തു ചെയ്യുന്നതാണ്. അവർ ഉപദേശത്തേയോ, പാപത്തിൽ നിന്നുള്ള രക്ഷയേയോ കരുതുന്നില്ല.

ഇനിയും ചിലർ തെറ്റായ ആശയങ്ങളാൽ വഞ്ചിതരായിട്ടുണ്ട്. ദുരുപദേശം സത്യമാണെന്നു കരുതി ജീവിക്കുന്നവരുണ്ട്. അവർ വിശ്വസിക്കുന്നതു, ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുമ്പോൾ പരിശുദ്ധാത്മ ശക്തി ലഭിക്കയും അന്യഭാഷയിൽ സംസാരിക്കുവാനും അത്ഭുതങ്ങൾ പ്രവൃത്തിക്കുവാനും ഉള്ള കഴിവു ലഭിക്കും എന്നാണ്. പരിശുദ്ധാത്മാവിന്റെ ശക്തിയെക്കുറിച്ചു ബൈബിളിൽ പറഞ്ഞിരിക്കുന്നതിൽ അവർ കൂടുതൽ ആകൃഷ്ടരായി തീർന്നിരിക്കയാണ്. അതു അവർ പ്രസംഗിക്കയും ചെയ്യുന്നു. അതേ സമയം അവർക്കു പരിശുദ്ധാത്മാവിന്റെ പ്രത്യേക ശക്തി കിട്ടിയിട്ടില്ല എന്നു അവർക്കു അറിയാം. മതിയായത്ര ആത്മീയതയിലെത്തുമ്പോൾ അവർക്കു അത്തരം ശക്തി കിട്ടുമെന്ന് അവർ വിശ്വസിച്ചിരിക്കയാണ്. അവർ "ശക്തിയിൽ" മഹത്വം കൊടുക്കുന്നു. എല്ലാ ആകർഷണീയതയും ലഭിക്കുവാൻ അവർ താല്പര്യപ്പെടുന്നു. അവർ അങ്ങനെ ജനക്കൂട്ടത്തിൽ പ്രസിദ്ധി നേടുന്നു. അവരുടെ മീറ്റിങ്ങുകളെല്ലാം ആസൂത്രിത അഭ്യാസത്തിനുശേഷം നടത്തപ്പെടുന്നു. സന്നിഹിതരാകുന്നവർക്കു നല്ല കൂത്തുകാഴ്ചയായിരിക്കും.

ചിലർ പ്രസംഗചാതുര്യമുള്ളവരായതുകൊണ്ടു ആളുകളെ പ്രസംഗത്തിൽ പിടിച്ചിരുത്താൻ കഴിവുള്ളതുകൊണ്ടു അതു നല്ലൊരു ഉപജീവനമാക്കി മാറ്റുന്നു. പ്രാദേശികമായോ വൈദേശികമായോ സഹായത്തിനായി അവർ പ്രസംഗിക്കുന്നു. പ്രാദേശികമായ സഹായത്തേക്കാൾ വിദേശ സഹായം നേട്ടമുണ്ടാക്കാൻ കഴിയുന്നു. അങ്ങനെ അവരുടെ ജീവിത നിലവാരവും ഉയരുന്നു. അവർക്കു അധികം ജോലി ചെയ്യേണ്ടി വരുന്നില്ല. അവർ കാപട്യവും അലസതയുമുള്ളവരായി കാണപ്പെടുന്നു.

ഇതെല്ലാം പറയുന്നതിൽ നിന്നു എല്ലാ പ്രാസംഗികരും ആത്മാർത്ഥതയില്ലാത്തവരാണ്, പണത്തെ നോക്കുന്നവർ മാത്രമാണ്,

അലസരാണ്, കാപട്യമുള്ളവരാണ് എന്ന് തെറ്റിദ്ധരിക്കരുത്. വിദേശസഹായം ലഭിക്കുന്നവരെല്ലാം സഹോദരന്മാരെ ചൂഷണം ചെയ്യുന്നവരാണ് എന്നും ധരിക്കരുത്. ചിലർ ചിലതിലെല്ലാം കുറ്റക്കാരാകുന്നു, എല്ലാവരും അല്ലതാനും.

മുൻപു പറഞ്ഞ കാര്യങ്ങളെല്ലാം ഉയർത്തുന്ന ചോദ്യം നിങ്ങൾ പ്രാസംഗികനാണെങ്കിൽ എന്തിനു വേണ്ടി പ്രസംഗിക്കുന്നു? ഒരു പ്രാസംഗികനാകുന്നതിൽ ഒരുതെറ്റുമില്ല. ഒരാൾ നല്ല മനസാക്ഷിയോടെ, സദുദ്ദേശത്തോടെ ചെയ്യുന്നുവെങ്കിൽ ലോകത്തിൽ വെച്ചു മഹത്തായ പ്രവൃത്തി തന്നെയാണത്. അതിനു യഥാർത്ഥ വിശ്വാസവും, ആത്മാർത്ഥതയും, സത്യസന്ധതയും, ദൈവത്തെയും തന്റെ പുത്രനായ ക്രിസ്തുവിനേയും സ്നേഹിക്കൽ മനുഷ്യരുടെ ആത്മാക്കളെ സ്നേഹിക്കൽ, സത്യം പ്രസംഗിക്കൽ, കർത്താവിനോടുള്ള വിശ്വസ്തത, അവന്റെ സഭയോടുള്ള വിശ്വസ്തത, ഉപദ്രവത്തിലും, മരണത്തിൽ പോലും ആവശ്യപ്പെടുന്ന ഒന്നാണിത്.

ക്രിസ്തു ഈ ഭൂമിയിൽ ജീവിച്ചിരുന്ന സമയത്തു മുന്നറിയിപ്പ് "ഞാൻ ക്രിസ്തു എന്നു അനേകർ എന്റെ പേർ എടുത്തുവന്നു പലരെയും തെറ്റിക്കും"(മത്തായി24:5). "കള്ള പ്രവാചകന്മാർ പലരും വന്നു അനേകരെ തെറ്റിക്കും"(മത്തായി 24:11). യോഹന്നാൻ പറഞ്ഞു, "പ്രിയമുള്ളവരേ, കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കയാൽ ഏതു ആത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയോ എന്നു ശോധന ചെയ്വിൻ" (1 യോഹന്നാൻ 4:1). പൗലോസിൽ കൂടെയും മുന്നറിയിപ്പ് നല്കുന്നുണ്ട്. "അതു വേറൊരു സുവിശേഷം എന്നല്ല, ചിലർ നിങ്ങളെ കലക്കി ക്രിസ്തുവിന്റെ സുവിശേഷം മറിച്ചു കളവാൻ ഇച്ഛിക്കുന്നു എന്നത്രേ. എന്നാൽ ഞങ്ങൾ നിങ്ങളോടു അറിയിച്ചതിന്നു വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽ നിന്നു ഒരു ദൂതനാകട്ടെ സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ. ഞങ്ങൾ മുൻ പറഞ്ഞതുപോലെ ഞാൻ ഇപ്പോൾ പിന്നെയും പറയുന്നു. നിങ്ങൾ കൈക്കൊണ്ട സുവിശേഷത്തിന്നു വിപരീതമായി ആരെങ്കിലും നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ" (ഗലാത്യർ 1:7-9).

ക്രിസ്തു, മരിച്ച്, അടക്കപ്പെട്ട്, ഉയിർത്തെഴുന്നേറ്റശേഷം അപ്പൊസ്തലന്മാരോടു "നിങ്ങൾ ഭൂലോകത്തിൽ എങ്ങും പോയി സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനമേല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും" (മർക്കൊസ് 16:16). പൗലോസ് തിമൊഥെയൊസിനു കൊടുക്കുന്ന നിർദ്ദേശം ശ്രദ്ധിക്കുക: "വചനം പ്രസംഗിക്ക; സമയത്തിലും അസമയത്തിലും ഒരുങ്ങി നില്ക്ക; സകല ദീർഘക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക; തർജ്ജനം ചെയ്ക; പ്രബോധിപ്പിക്ക" (2 തിമൊഥെയൊസ് 4:2).

നാം ഒന്നു ഉപദേശിക്കയും പഠിപ്പിക്കയും ചെയ്തിട്ടു മറ്റൊന്നു പരിശീലിക്കുവാൻ പാടില്ല എന്നാണ് പൗലോസ് പറഞ്ഞതു. റോമയിലുണ്ടായിരുന്ന ക്രിസ്ത്യാനികൾക്കു പൗലോസ് എഴുതി, "ഹേ, അന്യനെ ഉപദേശിക്കുന്നവനേ, നീ നിന്നെത്തന്നേ ഉപദേശിക്കാത്തതു എന്ത്? മോഷ്ടിക്കരുതെന്നു പ്രസംഗിക്കുന്ന നീ മോഷ്ടിക്കുന്നുവോ? വ്യഭിചാരം ചെയ്യരുതെന്നു പറയുന്ന നീ വ്യഭിചാരം ചെയ്യുന്നുവോ? വിഗ്രഹങ്ങളെ വെറുക്കുന്ന നീ ക്ഷേത്രങ്ങളെ കവർച്ച ചെയ്യുന്നുവോ?".

കൊരിന്ത്യർക്കു ലേഖനം എഴുതുമ്പോൾ പൗലോസ് പറഞ്ഞു, "ഞാൻ സുവിശേഷം അറിയിക്കുന്നു എങ്കിൽ എനിക്കു പ്രശംസിപ്പാൻ ഒന്നുമില്ല. നിർബ്ബന്ധം എന്റെ മേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്കു അയ്യോ കഷ്ടം" (1കൊരിന്ത്യർ9:16). വീണ്ടും പറയുകയാണ്, "ഞങ്ങളെത്തന്നെയല്ല, ക്രിസ്തുവിനെ, കർത്താവു എന്നും ഞങ്ങളേയോ യേശു നിമിത്തം നിങ്ങളുടെ ദാസന്മാർ എന്നും അത്രെ ഞങ്ങൾ പ്രസംഗിക്കുന്നത്" (2 കൊരിന്ത്യർ 4:8). ക്രിസ്തുവിനെ പ്രസംഗിക്കുന്നതിനെ കുറിച്ചു കൊലൊസ്യർക്കും പൗലോസ് നിർദ്ദേശം കൊടുക്കുന്നുണ്ട് "ഞങ്ങൾ അവനെ അറിയിക്കുന്നതിൽ ഏതു മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന്നു ഏതു മനുഷ്യനേയും പ്രബോധിപ്പിക്കയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു (കൊലൊസ്യർ 1:28).

പ്രസംഗത്തെക്കുറിച്ചും ഉപദേശത്തെക്കുറിച്ചും യേശുക്രിസ്തുവും അപ്പൊസ്തലന്മാരും പറഞ്ഞതു നിങ്ങൾ കേൾക്കുന്നുണ്ടോ? അതിന്റെ ആവശ്യകത, ഗൗരവം, ഉദ്ദേശം, പ്രതിഫലം എന്നിവ നിങ്ങൾക്കു മനസിലായിട്ടുണ്ടോ? നിങ്ങൾ ഏതു വിധത്തിലുള്ള ഉപദേഷ്ടാവാണ്?നിങ്ങൾ എന്താണ് പ്രസംഗിക്കുന്നത്? എന്തിനുവേണ്ടിയാണ് പ്രസംഗിക്കുന്നത്? നിങ്ങൾ വിതക്കുന്ന ആത്മീയ വിത്ത് നിങ്ങളേയും കേൾവിക്കാരേയും രക്ഷിക്കുമോ?കേൾവിക്കാർ പ്രതികരിക്കുന്നുണ്ടോ? പ്രസംഗിക്കയും ഉപദേശിക്കയും ചെയ്യുന്ന നാം ഒരു ദിവസം ദൈവത്തോടു കണക്കു കൊടുക്കേണ്ടി വരുമെന്നോർക്കുക. നാം പ്രസംഗിച്ചതിനും ഉപദേശിച്ചതിനും എല്ലാം സമാധാനം ബോധിപ്പിക്കേണ്ടിവരും. അവൻ നമ്മിൽ പ്രസാദിക്കുമോ? അതോ അവൻ നമ്മെ തള്ളിക്കളയുമോ? (യോഹന്നാൻ 12:48).

★

## ഇല്ലാതെപോയ എണ്ണയും വിളക്കുകളും

**സിസിൽ. സി**

മത്തായി 25–ാം അദ്ധ്യായം 1 മുതൽ 13 വരെയുള്ള വേദഭാഗങ്ങളിൽ വിട്ടുപോകുന്ന എണ്ണ ചിന്തോദ്ദീപകമത്രേ. അതിൽ അഞ്ചു പേർ ബുദ്ധിയുള്ളവരും അഞ്ചു പേർ ബുദ്ധിയില്ലാത്തവരുമായിരുന്നു. എന്തുകൊണ്ട് അവിടെ തുല്യസംഖ്യകാണപ്പെടുന്നു എന്നതു നമുക്ക് അവ്യക്തമാണ്. ബുദ്ധിയില്ലാത്തവരുടെ പ്രശ്നം വിളക്കായിരുന്നില്ല, അവരുടെ എണ്ണ തീർന്നുപോയിരുന്നു.

"ഇല്ലാതെ പോകുന്ന വിളക്കുകൾ" എന്ന പേരിൽ ഒരു ലേഖനം ഈയ്യിടെ ഞാൻ വായിക്കാനിടയായി. അനേക നൂറ്റാണ്ടുകൾക്കു മുൻപ് യൂറോപ്പിലെ ഒരു ഗ്രാമത്തിൽ ഒരു രാജഭൃത്യൻ തന്റെ മരണാനന്തരസ്മരണ നിലനിർത്തുവാൻ എന്തെങ്കിലും ചെയ്യണമെന്നു കരുതി. ഒടുവിൽ തന്റെ ആളുകൾക്കായി ഒരു പള്ളി പണിതുകളയാം എന്നു തീരുമാനിച്ചു.

അതിന്റെ പണി പൂർത്തിയാകുന്നതുവരെ അതിന്റെ പദ്ധതികൾ ആരും കണ്ടുപോലുമില്ല. ആളുകൾ ആ കെട്ടിടത്തിന്റെ പണികൾ കണ്ട് വിസ്മയിച്ചു. വളരെ മനോഹരമായ മന്ദിരം. കൂടിവന്ന ആളുകൾ വിസ്മയവിഹ്വലരായി. ആൾക്കൂട്ടത്തിൽ നിന്ന്

ആരോ ചോദിച്ചു:പള്ളിയുണ്ട്, പക്ഷേ വിളക്കുകൾ എവിടെ? വെളിച്ചമില്ലാത്ത പള്ളി എന്തു പള്ളി! എന്നു പറഞ്ഞു.

രാജഭൃത്യൻ ചുവരിലെ തട്ടുപടികൾ കാണിച്ചുകൊടുത്തു. പിന്നീട് അദ്ദേഹം ആ പള്ളിയിൽ സംബന്ധിക്കുവാനുള്ള എല്ലാ കുടുംബങ്ങൾക്കും ഓരോ വിളക്ക് കൊടുത്തു. അവർ പള്ളിയിൽ വരുമ്പോഴെല്ലാം ആ വിളക്കുമായി പള്ളിയിൽ വരണം. ഓരോരുത്തർ പള്ളിയിൽ വരുമ്പോൾ അവർ ഇരിക്കുന്ന ഭാഗത്തുള്ള ചുവരലമാരയിൽ ഉള്ള തട്ടു പടിയിൽ വിളക്കു കത്തിച്ചു വയ്ക്കണം. അദ്ദേഹം പറഞ്ഞു, "ഓരോ സമയവും നിങ്ങൾ ഇവിടെ വരുമ്പോൾ അവിടെ വെളിച്ചം ഉണ്ടായിരിക്കും. നിങ്ങൾ വരാതിരിക്കുന്ന ഓരോ സമയത്തും അവിടെ ഇരുളായിരിക്കും". സഭയിലുള്ള അംഗങ്ങൾ സഭായോഗം മുടക്കുമ്പോൾ അവരുടെ വെളിച്ചം ആ സഭയിൽ ഇല്ലാതെ പോകുന്നു എന്നു പറയാം.

പത്തു കന്യകമാർക്ക് എല്ലാവർക്കും വിളക്കുണ്ടായിരുന്നു. അവരെല്ലാവരും വിളക്കുകൾ തെളിയിക്കുകയും ചെയ്തു. വ്യത്യാസം സ്പഷ്ടമായിരുന്നു. ബുദ്ധിയുള്ളവർ അവരുടെ വിളക്കോടുകൂടി എണ്ണയും എടുത്തിരുന്നു. പാത്രങ്ങൾ കൊണ്ടു ഉദ്ദേശിക്കുന്നതു, അവ രുടെ വിളക്കുകളിൽ ഉണ്ടായിരുന്നതിനു പുറമെ അവർ എണ്ണ ശേഖരിച്ചിരുന്നു എന്നത്രേ. ബുദ്ധിയില്ലാത്തവരുടെ വിളക്കുകൾ ആളി കത്തിയെങ്കിലും പിന്നീട് അതു തീർന്നുപോയി. അപ്പോൾ അവർ ബുദ്ധിയുള്ള കന്യകമാരോട്, "ഞങ്ങളുടെ വിളക്കു കെട്ടു പോകുന്നതുകൊണ്ടു നിങ്ങളുടെ എണ്ണയിൽ കുറെ ഞങ്ങൾക്കു തരുവിൻ എന്നു പറഞ്ഞു".

അനവധി അംഗങ്ങളുടെ വിളക്കുകളിൽ എണ്ണതീർന്നു പോകുന്നതിന്റെ പ്രശ്നം എന്താണെന്ന് അറിയുവാൻ ഒരു വ്യക്തിക്കു ശലോമോൻ ആകണമെന്നില്ല. ഞായറാഴ്ച്ച വൈകുന്നേരവും ആഴ്ച മദ്ധ്യേയുള്ള വൈകുന്നേരവും ചില സഭാ കെട്ടിടം ഇരുളടഞ്ഞതായിരിക്കും. കാരണം അവരുടെ വിളക്കുകൾ അണഞ്ഞുകൊണ്ടിരിക്കുന്നു. ഇന്ധനം തീർന്നാൽ ഒരു വാഹനത്തിന് എന്തു പറ്റും എന്നു നമുക്ക് അറിയാം. അതു ചൂടായി പഴുക്കും. യാത്ര അസാദ്ധ്യമാകും.

വിളക്കും എണ്ണയും ഒരു ദൈവപൈതലിനെ ഉണർവ്വുള്ളവനാക്കുന്നു. ജാഗ്രതയുള്ളവർ എപ്പോഴും ഒരുങ്ങിയിരിക്കുന്നവർ ആയിരിക്കും. കാഴ്ചക്കു പ്രകാശം കൂടിയേ തീരൂ. ശരിയായ കാഴ്ച ക്രിസ്തുവിലായിതീരുന്ന ഒരാൾക്കു ദൈവ വചനമാകുന്ന സത്യം അവന്റെ കാലിന് ദീപമാകുന്നു. തിരുവചനം ഹൃദയത്തിൽ സംഗ്രഹിക്കുന്നവർക്കു പാപത്തെ അഥവാ ഇരുട്ടിനെ ദൂരീകരിക്കാൻ കഴിയും കത്താത്ത വിളക്കുകൊണ്ട് പ്രയോജനമില്ലല്ലോ. ജ്വലിച്ച് പ്രകാശിക്കാത്ത വ്യക്തികൾ ദൈവത്തിന് കൊള്ളാവുന്നവരല്ല.

ഈ ഉപമയിൽ പറഞ്ഞിരിക്കുന്ന എണ്ണ, ക്രിസ്ത്യാനികളിൽ ദൈവം നൽകിയിരിക്കുന്ന പരിശുദ്ധാത്മാവ് ആണെന്ന് ചില വേദശാസ്ത്ര എഴുത്തുകാർ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവ് നേരിട്ടല്ലാതെ വചനത്തിൽ കൂടെയാണ് ഓരോ ക്രിസ്ത്യാനിയേയും ഇന്നു നയിക്കുന്നതു. കാറ്റ് ഇഷ്ടമുള്ളേടത്തു ഊതുന്നു, ദൈവാത്മാവ് ദൈവത്തെ അനുസരിച്ച് ജീവിക്കുന്നവരിൽ മാത്രമെ നിലനിൽക്കയുള്ളു. അവർ ആത്മീയമായി ഉണർന്നു ജീവിക്കുന്നവരുമായിരിക്കും. "ഒരുവനിൽ ക്രിസ്തുവിന്റെ ആത്മാവ് വസിക്കുന്നില്ലെങ്കിൽ അവൻ ക്രിസ്തുവിനുള്ളവനല്ല" (റോമർ 8:9).

ഒരു ക്രിസ്ത്യാനിയിൽ പരിശുദ്ധാത്മാവ് വസിക്കേണ്ടതാണ്. ആത്മാവ് ഒരാളിൽ നിന്നു വിട്ടുപോകുന്നുവെങ്കിൽ, ദൈവാത്മാവിനെ ദുഃഖിപ്പിക്കുകയോ, പരിശുദ്ധാത്മാവിനെതിരെ ദൂഷണം പറയുകയോ ചെയ്തിരിക്കണം. അതായതു ഒരാൾ തുടർച്ചയായി പാപത്തിൽത്തന്നെ ജീവിക്കണം. അപ്രകാരമുള്ള ജീവിതം നയിക്കുന്നവരിൽ വിശുദ്ധനായ ദൈവം എങ്ങനെ വസിക്കും? ആത്മാവിനെ കെടുത്തുന്നവർ ഇവരല്ലാതെ ആരാണ്!(എഫെസ്യർ 4:30; 1തെസലൊനിക്യർ5:19). ക്രിസ്തുവിന്റെ അപ്രമേയധനമാകുന്ന വചനം അവരിൽ വസിക്കുന്നില്ല, കാരണം അവർ തമ്മിൽ പഠിപ്പിക്കയോ പ്രബോധിപ്പിക്കയോ ചെയ്യുന്നില്ല. ആത്മികഗീതങ്ങളാലും സ്തുതികളാലും ദൈവത്തിനു പുകഴ്ച്ച കൊടുക്കാറില്ല. ആത്മികവർദ്ധനക്കായി നൽകപ്പെട്ട അവസരം അവർ പാഴാക്കി കളയുകയാണ് ചെയ്തതു.

കർത്താവിന്റെ സഭയിൽ വിശ്വസ്തരായി ജീവിക്കേണ്ടവർ ലോകപ്രകാരമുള്ള ജീവിതശൈലി അവലംബമായെടുത്താൽ അവർ ആരാധന മുടക്കി ലൗകികമായ കാര്യങ്ങളിൽ വ്യാപൃതരായിത്തീരും, അപ്പോൾ ആരാധനക്കു ആളുകൾ കുറയും. എണ്ണ തീർന്നുപോകുന്നതുകൊണ്ട് അവരുടെ വിളക്കുകൾ കെട്ടുപോകുന്നു. ദൈവരാജ്യത്തിൽ സൽപ്രവൃത്തികൾ ചെയ്യേണ്ടവർ അതു ചെയ്യാതിരിക്കുമ്പോൾ അവർക്കു വെളിച്ചമില്ലാതാകുന്നു. അവർ പിന്നീട് ഇരുട്ടിനു ഇരയായി മാറും. ഈ ലോകത്തിന്റെ പ്രഭു അവരുടെ കണ്ണു കുരുടാക്കി മാറ്റിയിരിക്കയാണ്. ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാനാണ് സാത്താൻ ഇതു ചെയ്യുന്നതു. ഇരുട്ടിൽ നിന്നു വെളിച്ചം പ്രകാശിക്കേണം എന്നു അരുളിച്ചെയ്ത ദൈവം, യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസിന്റെ പരിജ്ഞാനം വിളങ്ങിക്കേണ്ടതിനു ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുന്നു(2 കൊരിന്ത്യർ 4:6).

ശ്രദ്ധയോടുകൂടി മത്തായി 24-ഉം 25-ഉം അദ്ധ്യായങ്ങൾ നാം വായിച്ചാൽ അവിടെ പ്രതിപാദിച്ചിരിക്കുന്ന ഗൗരവമായ ന്യായവിധിയെ നമുക്കു കാണാം. വരുവാനുള്ള ഈ അന്ത്യവിധി ലോകത്തിലുള്ളവർക്കും സഭയിലുള്ളവർക്കും ഉണ്ട് എന്നതാണ് പരമാർത്ഥം. ഉപമയിലെ കന്യകമാരിൽ കൂടെ നമ്മെ ഓർമ്മിപ്പിക്കുന്ന കാര്യം നാം നമ്മുടെ കുറവുകളെ കാണാതിരിക്കരുതു. പാപങ്ങളിൽ നിന്നു മാനസാന്തരപ്പെടേണ്ടിയിരിക്കുന്നു. നമ്മുടെ പാത്രങ്ങളിൽ എണ്ണ നിറച്ചു സൂക്ഷിക്കണം. അനുസരണമാണ് എല്ലാവരുടെയും രക്ഷക്കു അനിവാര്യം(എബ്രായർ5:8-9). ബുദ്ധിയില്ലാത്ത കന്യകമാർ അവസാനം കരഞ്ഞുവിളിച്ചതുപോലെ ഒരു കൂട്ടം ആളുകൾ ന്യായവിധിനാളിൽ കർത്താവേ ഞങ്ങൾക്കു തുറന്നു തരേണമേ എന്ന് ഉച്ചത്തിൽ അപേക്ഷിക്കും. പക്ഷേ കർത്താവ് തുറക്കുകയില്ല. അവൻ പറയും: ഞാൻ നിങ്ങളെ ഒരുനാളും അറിയുന്നില്ല. ആകയാൽ നാളും നാഴികയും നമുക്ക് അറിഞ്ഞുകൂടായ്കയാൽ നാം ഉണർന്നിരിക്കണം. നിങ്ങളുടെ വിളക്കു കെട്ടുപോകാതെ സൂക്ഷിക്കുക. അതു എപ്പോഴും പ്രകാശിക്കുമാറാകട്ടെ. ഉൽസാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പിൻ (റോമർ 12:11).

★

# നല്ല ശമര്യൻ

## Dr.C.K. Ammon.

യേശുക്രിസ്തു പറഞ്ഞ നല്ല ശമര്യക്കാരന്റെ ഉപമ പ്രസിദ്ധമാണല്ലോ. ലൂക്കോസിന്റെ സുവിശേഷം 10-ാം അദ്ധ്യായം 30 മുതൽ 37 വരെയുള്ള വാക്യങ്ങളിൽ ഈ ഉപമ വിശദീകരിക്കുന്നു. നാലു സുവിശേഷങ്ങളും ചേർത്തു പഠിച്ചാൽ കർത്താവ് 39 ഉപമകൾ പറഞ്ഞിട്ടുള്ളതായി കാണുവാൻ കഴിയും. നല്ല ശമര്യക്കാരന്റെ ഉപമയിൽ കർത്താവിനെ നല്ല മാർഗ്ഗദർശിയായി നമുക്കു ദർശിക്കുവാൻ കഴിയും.

യെരുശലേമിൽ നിന്നും ഒരു യെഹൂദൻ യെരിഹോവിലേയ്ക്കു പോയി.വഴി മദ്ധ്യേ വച്ച് കള്ളന്മാർ അവനെ ആക്രമിച്ച് കവർച്ച ചെയ്തു അർദ്ധപ്രാണനാക്കി ഉപേക്ഷിച്ചു പോയി. മരണാവസ്ഥയിൽ കിടന്ന ആ മനുഷ്യന്റെ സമീപത്തുകൂടി ഒരു പുരോഹിതനും ഒരു ലേവ്യനും കടന്നു പോയി. എങ്കിലും അവനെ സഹായിച്ചില്ല.എന്നാൽ യെഹൂദന്മാർക്കു സംസർഗ്ഗമില്ലാത്തവനായ ഒരു ശമര്യക്കാരൻ ആ വഴിവന്നു. അർദ്ധപ്രാണനായ ഒരു മനുഷ്യനെ കണ്ടു മനസ്സലിഞ്ഞു. തന്റെ വാഹന മൃഗത്തിൽ നിന്നിറങ്ങി എണ്ണയും വീഞ്ഞും പകർന്നു അവന്റെ മുറിവുകളെ കെട്ടി.അവനെതന്റെ മൃഗ വാഹനത്തിൽ കയറ്റി വഴിയമ്പലത്തിൽ കൊണ്ടു പോയി രക്ഷ ചെയ്തു. പിറ്റേന്നാൾ അവൻ പുറപ്പെടുമ്പോൾ രണ്ടു വെള്ളിക്കാശ് എടുത്ത് വഴിയമ്പലക്കാരനു കൊടുത്തു.ഇവനെ രക്ഷ ചെയ്യേണം, അധികം വല്ലതും ചെലവിട്ടാൽ ഞാൻ മടങ്ങി വരുമ്പോൾ തന്നു കൊള്ളാം എന്ന് അവനോടു പറഞ്ഞു

ദൈവ സന്നിധിയായ യെരുശലേം വിട്ട് വഴിയാത്ര ചെയ്യുന്ന ഏതൊരു വ്യക്തിയുടേയും ചിത്രമാണ് കൊള്ളക്കാരൻ ആക്രമിക്കപ്പെട്ട വ്യക്തി. നാം ദൈവസന്നിധിയിൽ നിന്നകന്നാൽ കൊള്ളക്കാരുടെ കൈയിൽ അകപ്പെടാൻ താമസമില്ല. വഴിവക്കത്തു പതിയിരിക്കുന്ന കള്ളന്മാർ നമ്മുടെ ജീവിതപാതയിൽ നമ്മെ ആക്രമിക്കുന്നതിനു ഒളിച്ചിരിക്കുന്ന ദുരുപദേഷ്ടാക്കളാകുന്നു. അവരുടെ കയ്യിൽ അകപ്പെട്ടാൽ നമ്മുടെ ദൈവബോധവും ധാർമ്മിക ചിന്തയാകുന്ന നീതി വസ്ത്രങ്ങളഴിച്ച് പാപകൃത്യങ്ങളാകുന്ന കത്തികളാൽ കുത്തി മുറിവേൽപ്പിച്ചു അർദ്ധപ്രാണരാക്കും.

## യെരിഹോ

യെരുശലേം സമുദ്രനിരപ്പിൽ നിന്ന് 2300 അടി ഉയർന്നു നിൽക്കുമ്പോൾ യെരീഹോവാകട്ടെ സമുദ്രനിരപ്പിൽ നിന്നും 1300 അടി താഴ്ച്ചയിൽ യോർദ്ദാൻ താഴ്വരയിൽ കിടക്കുന്നു. B.C. 1451–ൽയോശുവാ യെരിഹോപട്ടണം പിടിച്ചെടുത്തെങ്കിലും പിന്നീട് യിസ്രായേലിന് അതു നഷ്ടപ്പെട്ടു. 1967–ലെ ചരിത്ര പ്രസിദ്ധമായ 6 ദിവസത്തെ യുദ്ധത്തിൽ ജോർദ്ദാനിൽ നിന്നും യിസ്രായേൽ യെരിഹോ പിടിച്ചെടുത്തു. 6 ദിവസത്തെ നിരന്തരമായ ചർച്ചയ്ക്കു ശേഷം യിസ്രായേൽ പാലസ്തീൻ ഉടമ്പടി പ്രകാരം 5–5–1994 –ൽ യെരിഹോ പാലസ്തീൻകാർക്കു വിട്ടുകൊടുത്തു. ലേഖകൻ വിശുദ്ധനാടു സന്ദർശിച്ചപ്പോൾ യെരിഹോവിന് നമ്മുടെ നാട്ടിലെ മൂന്നാർ ദേവികുളം എന്നീ സ്ഥലങ്ങളിലെ പ്രതീതിയാണ് ഉളവായത്.

## ആ വഴി ഒരു പുരോഹിതൻ വന്നു

നേരമല്ലാത്ത നേരത്തു ആ വഴികൂടി ഏകനായി യാത്ര ചെയ്യുവാൻ ഒരുമ്പെട്ട ആ പഥികൻ ഒരു ധീരനും ഒരു സാഹസികനും ആയിരിക്കണം. പുരോഹിത വർഗ്ഗക്കാരും ലേവ്യരും ജനസേവനത്തിനു സമർപ്പണം ചെയ്യപ്പെട്ടവരാണ്. അവർ കാരുണ്യവാനായ ദൈവത്തെ ദിനംപ്രതി ആരാധിക്കുന്നവരും; മനുഷ്യരോടും മൃഗങ്ങളോടും മനസ്സലിവു തോന്നണമെന്ന് ഉപദേശിക്കുന്നവരുമാണ്. എങ്കിലും മുറിവേറ്റു വഴിയിൽ കിടക്കുന്ന മനുഷ്യനെ കണ്ട് അവർ മാറി കടന്നു പോയി. മതവും അതിന്റെ വ്യവസ്ഥിതികളും നിന്നെ വിട്ടുമാറി കളയുമ്പോൾ നിന്നെ കണ്ടു മനസ്സലിഞ്ഞ് അടുത്തുവരുന്ന നല്ല ശമര്യക്കാരൻ നീ വെറുത്തിരുന്ന യേശുക്രിസ്തു ആണ്. "കരുണാ സമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കുകയും കൃപയാലത്രെ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു" (എഫെസ്യർ 2:4–8).

നിന്നെ രക്ഷിച്ച് വിട്ടുകളയുന്നവനല്ല കർത്താവ്. അവൻ നിന്നെ വഴിയമ്പലത്തിൽ കൊണ്ടുചെന്നാക്കുന്നു, ആ വഴിയമ്പലത്തിൽ നിന്റെ രക്ഷക്കും വളർച്ചക്കും ആവശ്യമായതൊക്കെയും അവൻ ക്രമീകരിച്ചിട്ടുണ്ട്. ആ വഴിയമ്പലം, പ്രാദേശിക സഭ

യുടെ ഒരു ചിത്രമത്രെ. "കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനം പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു" (അ.പ്ര. 2:47). വഴിയമ്പലക്കാരനോടു, നല്ല ശമര്യൻ പറയുന്ന വാക്കുകൾ ശ്രദ്ധേയമാണ്. "ഇവനെ രക്ഷ ചെയ്യണം" യേശു രക്ഷിച്ച് സഭയിൽ ചേർത്ത വ്യക്തികളെ രക്ഷ ചെയ്യേണ്ടത് വഴി അമ്പലക്കാരന്റെ ചുമതലയാണ്. അവനെ വിശ്വാസത്തിൽ ആരോഗ്യമുള്ളവനായി പത്ഥ്യോപദേശത്തിൽ നിർണ്ണയമുള്ളവനായി കർത്താവിനു കൊള്ളാവുന്നവനായി വളർത്തിക്കൊണ്ടു വരണം. ആരാണ് ഈ വഴിയമ്പലക്കാരൻ? സഭയുടെ ചുമതലക്കാർ-സഭാശുശ്രൂഷകർ എന്നിവരാണ്. ശമര്യക്കാരൻ വഴി അമ്പലക്കാരന് രണ്ട് വെള്ളിക്കാശ് കൊടുത്തിട്ടാണ് രക്ഷ ചെയ്യണമെന്നു പറഞ്ഞത്. ക്രിസ്തുവിന്റെ സഭയിൽ വഴി അമ്പലക്കാരൻ അപ്പൊസ്തലന്മാരും അവരുടെ പിൻഗാമികളായ സഭാശുശ്രൂഷകന്മാരുമാണെങ്കിൽ ഉപദേഷ്ടാക്കന്മാർക്കുള്ള പ്രതിഫലം ഇപ്പോഴും കർത്താവിന്റെ വരവിലും ലഭിക്കും. അധികം വല്ലതും ചിലവിട്ടാൽ ഞാൻ മടങ്ങി വരുമ്പോൾ തന്നുകൊള്ളാം.

പൗലോസ് ദൈവവചനവും പരിശുദ്ധാത്മവരങ്ങളും കൊണ്ടു ശുശ്രൂഷിച്ചു. എന്നാൽ ആ ശുശ്രൂഷയിൽ അവന്റെ ശരീരത്തെ, സമയത്തെ, പണത്തെ, ആരോഗ്യത്തെ ഒക്കെ അവൻ ചിലവിട്ടു.ഇവരെല്ലാം അധികം ചിലവിട്ടവരാണ്. ഇതിനൊക്കെയും കർത്താ വു പ്രതിഫലം തരും. യേശുകർത്താവ് മടങ്ങിവരും. നിനയാത്ത നാഴികയിൽ കർത്താവു വരും. "നമുക്ക് കർത്താവിനെ എതിരേൽ പാൻ ഒരുങ്ങാം". നമ്മുടെ പ്രവൃത്തികളുടെ പ്രതിഫലത്തിനായി ഒരുങ്ങാം (ആമോസ് 4:12).

നല്ല ശമര്യക്കാരന്റെ ഉപമ ദൈവ സ്നേഹത്തിന്റെ പ്രതീകമാണ്. ഓരോ ക്രിസ്ത്യാനിയേയും ദൈവം സൽപ്രവൃത്തിക്കായിട്ടാണ് വളിച്ചിരിക്കുന്നത്. അക്കാര്യം നാം മറക്കരുത്. നിങ്ങൾ ക്രിസ്തുവിൽ ആയി തീർന്നിട്ടുണ്ടോ?ഇല്ലെങ്കിൽ ഇന്നു തന്നെ വചനം അനുസരിച്ചു പുതിയ സൃഷ്ടിയായി തീരുക

★

# സാത്താനെ അതിജീവിക്കൽ

സിസിൽ. എം. ജെ

"ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ ആധിപത്യവും തുടങ്ങിയിരിക്കുന്നു. നമ്മുടെ സഹോദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമത്തുന്ന അപവാദിയെ തള്ളിയിട്ടുകളഞ്ഞുവല്ലോ.അവർ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു; മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല. ആകയാൽ സ്വർഗ്ഗവും അതിൽ വസിക്കുന്നവരുമായുള്ളോരേ, ആനന്ദിപ്പിൻ; ഭൂമിക്കും സമുദ്രത്തിനും അയ്യോ കഷ്ടം; പിശാച് തനിക്കു അല്പകാലമേയുള്ളൂ എന്നു അറിഞ്ഞു മഹാക്രോധത്തോടെ നിങ്ങളുടെ അടുക്കൽ ഇറങ്ങി വന്നിരിക്കുന്നു"(വെളി.12:10 –12). മൂന്നു കാര്യങ്ങളിൽ സാത്താനെ അതിജീവിച്ച് തള്ളിക്കളഞ്ഞു.

കുഞ്ഞാടിന്റെ രക്തം സാത്താൻമേലുള്ള ജയം മുൻ നിശ്ചയിച്ചുറപ്പിച്ചതായ ഒരു സംഭവമായിരുന്നു. ആയിരമാണ്ടു വാഴ്ച്ചക്കാർ പറയുന്നതുപോലെ അർമ്മഗദോന്റെ പ്രാകൃത യുദ്ധവും രക്തപ്പുഴയും ഒന്നുമല്ല ഇതു. ക്രിസ്തുവിന്റെ പ്രായശ്ചിത്തമരണത്തിൽ തന്റെ സ്വന്തരക്തം ചിന്തിയതിലൂടെയാണ് സാത്താനെ ജയിച്ചതു. സാത്താനെ കീഴ്പ്പെടുത്തുവാൻ പാപരഹിതമായ മരണം സാദ്ധ്യമാക്കിയതു യേശുക്രിസ്തുവായിരുന്നു.

അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്തു മായിച്ചു ക്രൂശിൽ വെച്ചു നടുവിൽ നിന്നു നീക്കിക്കളഞ്ഞു. വാഴ്ച്ചകളെയും അധികാരങ്ങളേയും ആയുധവർഗ്ഗം വെപ്പിച്ചു ക്രൂശിൽ അവരുടെ മേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ച്ചയാക്കി (കൊലൊ. 2:14–15). തന്റെ മരണത്താൽ പിശാചിനെ നശിപ്പിക്കേണ്ടതിന്നത്രെ അവന്റെ ജഡവും രക്തവും ഏല്പിച്ചതു (എബ്രായർ 2:14). സാത്താന്റെ ശക്തി പാപത്തിലും അതിലൂടെ മനുഷ്യരെ അടിമകളാക്കി മരിപ്പിക്കുന്നതിലും ആണ്. എന്നാൽ യേശുക്രിസ്തുവിൽ പാപമോചനമെന്ന വീണ്ടെടുപ്പ് അവന്റെ രക്തം മൂലം നമുക്കു ഒരുക്കിതീർത്തു. അതു നമ്മെ പാപരഹിതവും സാത്താന്റെ കീഴിൽ നിന്നു സ്വാതന്ത്ര്യവുമായ ഒരു ജീവിതം നല്കുന്നു.

അവരുടെ സാക്ഷ്യവചനം. ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡികങ്ങൾ അല്ല, കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവത്രേ. അവയാൽ ഞങ്ങൾ സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളഞ്ഞു. ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായിട്ടു പിടിച്ചടക്കി (2 കൊരിന്ത്യർ 10:4). ജഡം ആത്മാവിനു വിരോധമാണ്; ജഡം പ്രാകൃതമാണ്. പഴയനിയമത്തിൽ യെശയ്യാവ് പറയുന്നതു ഇതിനോടു യോജിക്കുന്നു. മിസ്രയീമ്യർ ദൈവമല്ല, മനുഷ്യരത്രേ; അവരുടെ കുതിരകൾ ആത്മാവല്ല, ജഡമത്രേ; യഹോവ തന്റെ കൈ നീട്ടുമ്പോൾ സഹായിക്കുന്നവൻ ഇടറുകയും സഹായിക്കപ്പെടുന്നവൻ വീഴുകയും അവരെല്ലാവരും ഒരുപോലെ നശിച്ചുപോകയും ചെയ്യും(യെശയ്യാവ്31:8).ആത്മാവിന്റെ ആയുധങ്ങളോ വീര്യമുള്ളതു. ആത്മാവിന്റെ വാളായ ദൈവവചനമാണ് അതിശക്തിയായതു(എഫെസ്യർ6:17വിശ്വസിക്കുന്ന ഏവർക്കും രക്ഷക്കായുള്ള ദൈവശക്തിയാണ് സുവിശേഷം റോമർ 1:6).

ജീവനും ചൈതന്യവും ശക്തിയുമുള്ള ഇരു വായ്ത്തലയുള്ള ഏതു വാളിനേക്കാളും മൂർച്ചയേറിയതാണ് ദൈവവചനം (എബ്രായർ 4:12). മൂന്നു തിരുവെഴുത്തു ഭാഗങ്ങളാലാണ് യേശുക്രിസ്തു സാത്താനെ തോല്പിച്ചതു. അടിമകൾ സ്വാതന്ത്ര്യത്തിലേക്കു തിരിയുന്നതു സത്യം അറിയുന്നതുകൊണ്ടാണ്(യോഹന്നാൻ 8:32). നമ്മുടെ ആത്മാക്കളെ രക്ഷിപ്പാൻ ഉൾനട്ടതായതു വചനമാണ് (യാക്കൊബ് 1:21). സുവിശേഷമെന്ന ദൈവവചനത്തിനു മുന്നിൽ നില്പാൻ പിശാചിനു ഇപ്പോഴും കഴിയുകയില്ല. കാരണം ഇന്നു ദൈവശക്തി അടങ്ങുന്ന ഒന്നാണ് തിരുവെഴുത്ത്.

അവർ മരണത്തിനായി തങ്ങളുടെ ജീവിതങ്ങളെ സ്നേഹിച്ചില്ല. സാത്താനെ അതിജീവിക്കാൻ പ്രാപ്തമായ മൂന്നാമത്തെ ഘടകം പ്രാരംഭ ക്രിസ്ത്യാനികളിൽ നാം ദർശിക്കുന്നതു എങ്ങനെയെന്നു നോക്കാം. അവരുടെ വിശ്വാസം പ്രസംഗിക്കുമ്പോഴും ക്രിസ്തുവിനെ പിൻപറ്റുമ്പോഴും ക്രിസ്തുവിനോടുള്ള അവരുടെ സമർപ്പണവും തങ്ങളുടെ പ്രാണനെ വിലമതിക്കാതെയുള്ള അർപ്പണബോധവും ശക്തമായ ഒരു ചെറുത്തു നില്പും അവരിൽ ഉണ്ടായിരുന്നു. വെള്ളനിലയങ്കി ധരിച്ച എണ്ണിക്കൂടാത്ത പുരുഷാരത്തെ

യോഹന്നാനു പത്മൊസ്ദ്വീപിൽ വെച്ച് ദൈവം കാണിച്ചു കൊടുത്തു അവർ തങ്ങളുടെ അങ്കി കുഞ്ഞാടിന്റെ രക്തത്താൽ അലക്കി വെളിപ്പിച്ചവരാകുന്നു (വെളി. 7:14). വീണ്ടും യോഹന്നാൻ കുറെ ആത്മാക്കളെ അവിടെ കാണുന്നുണ്ട്. അവരെക്കുറിച്ച് പറയുന്നതു ശ്രദ്ധിക്കൂ, ഞാൻ ന്യായാസനങ്ങളെ കണ്ടു; അവയിൽ ഇരിക്കുന്നവർക്കു ന്യായവിധിയുടെ അധികാരം കൊടുത്തു. യേശുവിന്റെ സാക്ഷ്യവും അവന്റെ വചനവും നിമിത്തം തല ഛേദിക്കപ്പെട്ടവരും മൃഗത്തെയോ അതിന്റെ പ്രതിമയെയോ നമസ്ക്കരിക്കാതിരുന്നവരും നെറ്റിയിലും കൈമേലും അതിന്റെ മുദ്ര കൈക്കൊള്ളാതിരുന്നവരുടെ ആത്മാക്കളേയും ഞാൻ കണ്ടു (വെളിപ്പാട് 20:4).

ആദ്യം ദൈവത്തിന്റെ രാജ്യം അന്വേഷിക്കുക. ഉയരത്തിലുള്ളവ മാത്രം ചിന്തിക്കുക. ഭൂമിയിലുള്ളവയെക്കുറിച്ചുള്ള മുൻഗണന നല്കേണ്ട കാര്യങ്ങൾ വിട്ടുകളയുന്നതാണ് ഇന്നത്തെ ക്രിസ്ത്യാനികളുടെ പരാജയകാരണം. പാപം കഴുകിക്കളവാൻ പൂർണ്ണവും പര്യാപ്തവുമായ ഒന്നാണ് ക്രിസ്തുവിന്റെ രക്തം. ദുഷ്ടതയുടെ കരാളഹസ്തത്തെ തട്ടിത്തെറിപ്പിക്കാൻ കഴിവുറ്റ ശക്തമായ ഒന്നാണ് ഇന്നും ദൈവവചനം. നമുക്കു ആ അർപ്പണബോധമുണ്ടോ? മരണത്തിനായി അവർ തങ്ങളുടെ ജീവനെ കൊടുത്തില്ല എന്നു നമ്മെക്കുറിച്ചു പറവാൻ നാം ആഗ്രഹിക്കുന്നോ?.

★

## ബിലെയാമിന്റെ തെറ്റ്

### ആർ ജോണി

ബൈബിളിൽ അസാധാരണ സ്വഭാവമുള്ള ഒരാളായിട്ടേ നമുക്കു ബിലെയാമിനെ കാണാൻ പറ്റൂ. സംഖ്യാപുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന അവന്റെ ജീവിത സ്വാധീനം തിരുവചനത്തിലെ അവസാന പുസ്തകമായ വെളിപ്പാടിലും വ്യക്തമാക്കിയിരിക്കുകയാണ്. യൂദാ വിവരിക്കുമ്പോൾ, എന്തുകാരണം കൊണ്ടാണ് അവൻ അതു ചെയ്തതു എന്നു തെളിച്ചു പറയുന്നുണ്ട്. കൂലി കൊതിച്ചാണ് ആ തെറ്റ് അവൻ പ്രവർത്തിച്ചതു. അത്യാഗ്രഹം ആണ് അവനെക്കൊണ്ട് അതു ചെയ്യിപ്പിച്ചതു എന്നു സാരം. അവന്റെ നല്ല സ്വഭാ

വഗുണങ്ങളെല്ലാം തന്നെ മടങ്ങിപ്പോകുവാൻ കാരണം, അവൻ കാംക്ഷിച്ചതു ഉയർച്ചയും പ്രസിദ്ധിയും, പ്രചാരവും, പണവുമായിരുന്നു. അവൻ ഒരു പ്രശ്നക്കാരനായിരുന്നു എന്നു യോശുവ രേഖപ്പെടുത്തിയിരിക്കുന്നു(യോശുവ13:22). തന്റെ സാമ്പത്തിക നേട്ടങ്ങൾക്കു വേണ്ടി അവന്റെ പ്രവചന പാടവം സ്വാധീനപ്പെടുത്തി എന്നു പറയാം.

അവന്റെ മറ്റൊരു രസകരമായ സ്വഭാവത്തെ പത്രൊസ് വിവരിക്കുന്നുണ്ട്. "അവൻ അനീതിയുടെ കൂലികൊതിച്ചു എങ്കിലും തന്റെ അകൃത്യത്തിനു ശാസന കിട്ടി. ഉരിയാടാക്കഴുത മനുഷ്യവാക്കായി ഉരിയാടി പ്രവാചകന്റെ ബുദ്ധിഭ്രമത്തെ തടുത്തുവല്ലോ (2പത്രൊസ് 2:16). ദ്രവ്യാഗ്രഹം അനേക നൂറ്റാണ്ടുകളിലായി എണ്ണമറ്റ പ്രശ്നങ്ങൾ സമൂഹത്തിൽ വരുത്തിവെച്ചിട്ടുണ്ട്. അതിന്റെ പ്രധാനപ്പെട്ട തെളിവാണ് ബിലെയാം(1 തിമൊഥെയോസ് 6:10). ബിലെയാം ബാലാക്കിന്റെ ഭൃത്യന്മാരോടു ബാലാക്ക് തന്റെ ഗൃഹം നിറച്ചു വെള്ളിയും പൊന്നും എനിക്കു തന്നാലും എന്റെ ദൈവത്തിന്റെ കല്പന ലംഘിച്ചു ഏറെയോ കുറെയോ ചെയ്‌വാൻ എനിക്കു കഴിയുന്നതല്ല" എന്നു പറയുന്നു (സംഖ്യാപുസ്തകം22:18). അവനെ പരീക്ഷിച്ചതു വാസ്തവത്തിൽ എന്തായിരുന്നു എന്നു ഇതിൽ നിന്നു സ്പഷ്ടമായല്ലൊ.

ഉല്പത്തി പുസ്തകം 49-ാം അദ്ധ്യായം 4-ാം വാക്യത്തിൽ യാക്കോബ് പറയുന്നതു ബിലെയാമിനു ബാധകമാകുന്നു. "വെള്ളം തുളുമ്പുന്നവനേ നീ ശ്രേഷ്ഠനാകയില്ല" പ്രസിദ്ധിയും പൊന്നും പദവിയുമെല്ലാം തന്നെ ശൂന്യമായ കുമിളകൾ പോലെയാണ്. അതിന്റെ തിളക്കം നശിപ്പിക്കുന്ന പ്രശ്നങ്ങൾ പതിയിരിക്കുന്നു എന്ന സൂചനയാണ് നല്കുന്നതു.

ബാലാക്ക് രാജാവുമായി വിട്ടുവീഴ്ച്ച ചെയ്തതിന്റെ ഫലമായി ബിലെയാമിന്റെ മനസാക്ഷി യിസ്രായേലിനെ വിഗ്രഹങ്ങളിലേക്കു തിരിച്ചുവിട്ടു അവരെ വൃണപ്പെടുത്തി. ഈ സംഭവം അവരെ അന്യദേവന്മാരെ വണങ്ങുവാനും ദൈവത്തിൽ നിന്നു അകന്നു പോകുവാനും അധാർമ്മികത്വത്തിലേക്കു തിരിഞ്ഞു (സംഖ്യാപുസ്തകം 31).സത്യത്തിനു വേണ്ടി നില്ക്കുമ്പോൾ പ്രസിദ്ധിക്കും പദവിക്കും വേണ്ടി ഇളകിപ്പോയാൽ, ചിലപ്പോൾ സാമ്പത്തികമായ ഭദ്രതക്കുവേണ്ടിയായാൽ പോലും, നമ്മുടെ സമ്പാദ്യം തെറ്റായ ദിശയിൽ എത്തിക്കും. സാത്താൻ വളരെ തന്ത്രശാലിയാണ്. നമ്മുടെ

ബലഹീനതയെ ചൂഷണം ചെയ്യാൻ ഉറ്റിരിക്കയാണ് അവൻ. അവസാനം സംഭവിക്കുന്നതെന്തെന്നു പൗലോസ് രേഖപ്പെടുത്തിയിരിക്കുന്നു. "ചിലർ നല്ല മനസ്സാക്ഷി തള്ളിക്കളഞ്ഞിട്ടു അവരുടെ വിശ്വാസക്കപ്പൽ തകർന്നുപോയി. ഹുമനയൊസും അലെക്സന്തരും ഇക്കൂട്ടത്തിൽ ഉള്ളവർ ആകുന്നു. അവർ ദൂഷണം പറയാതിരിപ്പാൻ പഠിക്കേണ്ടതിനു ഞാൻ അവരെ സാത്താന് ഏല്പിച്ചിരിക്കുന്നു (1തിമൊഥെയൊസ്1:19-20). അവർ ദ്രവ്യാഗ്രഹത്താൽ കൗശലവാക്കു പറഞ്ഞു നിങ്ങളെ വാണിഭം ആക്കും എന്നും പത്രൊസ് എഴുതിയിരിക്കുന്നു (2 പത്രൊസ് 2:3). നേർവഴി വിട്ടു പോകുന്നതിന്റെ കാരണം ആണ് അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നതു.

ഒരിക്കൽ നല്ല പ്രവാചകനായിരിക്കയും പിന്നീട് ദ്രവ്യാഗ്രഹം മൂലം അവന്റെ സ്വഭാവം വ്യതിചലിച്ചുപോകുകയും ചൂഷണത്തിന് ഇരയാവുകയും ചെയ്യുന്നു. അതുകൊണ്ട് യിസ്രായേലിനെ അപകടകരമായ നാശത്തിൽ കൊണ്ടുചെന്നാക്കി.അവന്റെ സ്വാധീനം തെറ്റായ കാര്യങ്ങൾ ചെയ്യുവാൻ അവരെ പ്രേരിപ്പിച്ചു. പിന്നീട് ബിലെയാമിന്റെ ഉപദേശം നിമിത്തം ബാലാക്ക് യിസ്രായേലിനെ വിഗ്രഹാരാധനയിലേക്കും അധാർമ്മികജീവിതത്തിലേക്കും നയിച്ചതുപോലെ അന്യ ഉപദേശം സ്വീകരിച്ച പെർഗ്ഗമൊസ് സഭയെ കർത്താവ് മുന്നറിയിക്കുന്നുണ്ട്. അന്യഥാ ഉപദേശിക്കുന്നവരെ സൂക്ഷിച്ചുകൊള്ളേണം എന്നു ദൈവം മുന്നറിയിച്ചിട്ടുണ്ടല്ലോ. കയ്യീൻ പിശാചിനെ പിന്തുടർന്നു തന്റെ സ്വന്തം സഹോദരനെ കൊല്ലുവാനും തുനിയുന്നു. ബിലെയാം ചെയ്ത പ്രവൃത്തികൾ നൂറ്റാണ്ടുകൾക്കു ശേഷവും അതു മോശമായ മാതൃകയായി ഇന്നും നമ്മുടെ കൺമുമ്പിൽ തെളിഞ്ഞു നിൽക്കുകയാണ്. നാം അങ്ങനെ ജീവിക്കാതിരിപ്പാൻ, കുറ്റ രഹിതമായി ജീവിക്കുവാൻ ദൈവം തന്നിരിക്കുന്ന ഉപദേശമാണ് നാം സ്വീകരിക്കേണ്ടതു.

സത്യത്തിനു വിട്ടുവീഴ്ച്ച ചെയ്യാതെ ഉറച്ചു നിൽക്കുന്ന ദൈവ ഭക്തരെയാണ് ദൈവത്തിനാവശ്യം. അതിനു ധൈര്യമാണ് വേണ്ടതു. നാം ദൈവ ഭാഗത്തു നിൽക്കണോ അതോ പിശാചിന്റെ ഭാഗത്തു നിൽക്കണോ ? ഓരോരുത്തരും ചിന്തിക്കുക.

★

# സംശയിക്കുന്ന തോമസും അവന്റെ വിശ്വാസവും

റ്റി.പി. ബ്രൗൺ

തോമസിനോടും അവന്റെ വിശ്വാസത്തോടും വളരെ പേർ വേണ്ടത്ര നീതി പുലർത്തിയിട്ടില്ല എന്ന് ആ വിഷയത്തെകുറിച്ച് ചർച്ച ചെയ്യുമ്പോൾ നമുക്കു ബോധ്യമാകും.

മറ്റുള്ള അപ്പൊസ്തലന്മാരേക്കാൾ തോമസിനു തന്റെ പദവിയിൽ നിന്നു കൊണ്ടു ഈ സാമാന്യ സംശയം ഉദിച്ചു എന്ന തിനു ആദ്യമായി ചെറിയ കാരണം എടുത്തു കാണിക്കാനായിട്ടുണ്ട്: എന്റെ പേരിന്റെ മുൻപിലുള്ള ടി.പി എന്നാൽ എന്താണ് എന്ന് ഒരു പക്ഷേ നിങ്ങൾ സംശയിക്കുന്നുണ്ടാകും. അതുപോലുള്ള സംശയ ങ്ങൾ പല കാര്യത്തിലും നമുക്കുണ്ട്. യേശുക്രിസ്തു ഉയിർത്തെ ഴുന്നേറ്റു എന്നു മറ്റുള്ള അപ്പൊസ്തലർ കേട്ടിട്ടു അവർ വിശ്വസിച്ചില്ല എന്നു, മർക്കൊസ് 16:11–14; ലൂക്കോസ് 24:11–41;വരെയുള്ള വേദഭാഗ ങ്ങൾ വായിച്ചാൽ നമുക്കു ഗ്രഹിക്കാവുന്നതാണ്.

അത്ഭുതകരവും ലൗകികവുമായ പല സംഭവങ്ങളെക്കുറി ച്ചുള്ള വിവരണങ്ങൾ കേൾക്കുമ്പോൾ സംശയിച്ചു പോകുന്നതു സ്വാഭാവികമാണ്.തോമസിന്റെ സംശയത്തെ ആഴമായി പ്രതിപാദി ക്കുവാനല്ല ഞാൻ ഈ ലേഖനത്തിൽ ഉദ്യമിക്കുന്നതു. എങ്കിലും അതിൽ ഉൾക്കൊണ്ടിരിക്കുന്ന വിശേഷതയെ കണ്ടെത്തുകയാണ് ചെയ്യുന്നതു. പരിഗണിക്കേണ്ട മതിയായ തെളിവുകൾ പ്രകടമായ പ്പോൾ അവൻ വിശ്വസിക്കാൻ തയ്യാറായി. പലരും തങ്ങളുടെ ബുദ്ധിയിൽ ആശ്രയിക്കുന്നതുകൊണ്ട് അവരുടെ ജീവിതത്തിൽ പരാജയപ്പെടുന്നു. പക്ഷേ തോമസ് ഉദ്ദേശിച്ച തെളിവുകൾ ലഭിച്ചപ്പോൾ അവൻ ഉരുണ്ടുകളിക്കാൻ ശ്രമിച്ചില്ല. അവൻ വിശ്വാസത്തെ തുറന്നു സമ്മതിക്കുകയും ചെയ്തു.

വിശ്വാസത്തിന്റെ അടിസ്ഥാനം, സ്വഭാവം, ലക്ഷ്യം എന്നിവയിന്മേൽ ചില നിർദ്ദേശങ്ങൾ സംയോജിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നതു. കർത്താവിന്റെ സഭയിലുള്ള മക്കൾ ഭൂരിഭാഗം പേരും, വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചന ത്താലും വരുന്നു എന്ന ബൈബിൾ സത്യത്തെ ഊന്നി പറയാ റുണ്ട്(റോമർ10:17). കർത്താവു പറഞ്ഞു നീഎന്നെ കണ്ടതു കൊണ്ടു വിശ്വസിച്ചു; കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ

(യോഹന്നാൻ 20:29). കാഴ്ചയാലല്ല, വിശ്വാസത്താലത്രെ നാം നടക്കുന്നതു എന്നതു ഇതുമായി പരസ്പര വിരുദ്ധമല്ല.

ഒരു വസ്തുതയിൽ നമുക്കുണ്ടാകുന്ന "പ്രത്യേക വിശ്വാസവും", പൊതുവായ വിശ്വാസവും തമ്മിലുള്ള വ്യത്യാസത്തെ നാം വല്ലപ്പോഴും പ്രാധാന്യം കൊടുത്തു പറയുന്നവയാണ്. എന്നാൽ അതു ഒരു ബൈബിൾ സത്യവുമാണ്. ഉദാഹരണമായി യേശു ഭൂമിയിൽ ജീവിച്ച കാലഘട്ടത്തിലാണ് നാം ജീവിച്ചതു എന്നു വിചാരിക്കുക. അവൻ രോഗികളെ സൗഖ്യമാക്കുന്നതും അത്ഭുതങ്ങളും അടയാളങ്ങളും ചെയ്യുന്നതും നാം കണ്ടിട്ടുണ്ട് എന്നും കരുതുക. ആരെങ്കിലും അന്നു നമ്മോടു നിങ്ങൾ യേശു ക്രിസ്തു ദൈവപുത്രനാണെന്നു വിശ്വസിക്കുന്നുവോ എന്നു ചോദിച്ചാൽ അതിനു വിശ്വസിക്കുന്നു എന്നുത്തരം പറയും. ഈ പ്രത്യേക സാഹചര്യത്തിൽ വചനം കേട്ടില്ല മറിച്ച് ചിലതു കണ്ടിട്ടാണു വിശ്വാസം വന്നിരിക്കുന്നതു. എന്നൽ ഇപ്പോൾ ജീവിക്കുന്ന നമുക്കു അന്നത്തെ ദൃക്സാക്ഷികളുടെ തെളിവുകൾ വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിലൂടെയാണ് ഉണ്ടാകുന്നത്. ദൈവവചനത്തിൽ പറയുന്ന വസ്തുതകൾ നാം കണ്ടിട്ടില്ല. എങ്കിലും നാം വിശ്വസിക്കേണ്ടതിനു ദൃഷ്ടാന്തമായി നമുക്കു വരച്ചു കാണിച്ചിരിക്കുകയാണ്. പൊതുവിൽ എല്ലാവർക്കും ഉണ്ടാകേണ്ട വിശ്വാസത്തിനായി ആ വിവരണങ്ങൾ തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. നാം യാതൊന്നിലും സംശയം വച്ചു പുലർത്താതിരി ക്കേണ്ടതിനാണ് അങ്ങനെ ചെയ്തതു. ഏതാനും പേർ എത്ര തെളിവുകൾ കൊടുത്താലും അതു അംഗീകരിക്കാത്ത ആളുകളുണ്ട്. അവരെ ഉദ്ദേശിച്ചല്ല. കാര്യകാരണ സഹിതം ഗ്രഹിക്കാൻ താല്പര്യമുള്ളവർക്കു ഇതു പ്രയോജനപ്പെടും.

ദൈവത്തിന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യ ലക്ഷണങ്ങൾ ലോക സൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടു വരുന്നു; അവ പ്രതിവാദമില്ലാതിരിക്കേണ്ടതിന്നു തന്നെ. അവർ ദൈവത്തെ അറിഞ്ഞിട്ടും ദൈവമെന്നു ഓർത്തു മഹത്വീകരിക്കയോ നന്ദികാണിക്കയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായി തീർന്നു. അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി. (റോമർ 1:20-21).

അവിശ്വാസിക്കു യാതൊരു ഒഴിവുകഴിവുമില്ല. അവൻ വചനം കേൾക്കാത്തതു കൊണ്ടല്ല. ദൈവം കാണിച്ചു കൊടുത്ത ദൃശ്യങ്ങൾ അവൻ വിശ്വസിച്ചില്ല. അവൻ കണ്ടതായ കാര്യങ്ങളിൽ ആത്മാർത്ഥത പുലർത്തിയില്ല. വാസ്തവത്തിൽ ദൈവത്തിലുള്ള വിശ്വാസം രണ്ടു രീതിയിലാണ് മനുഷ്യരിൽ വരുന്നത്. പ്രകൃതി ലക്ഷണങ്ങൾ കൊണ്ടും ദൈവവചന കേൾവി കൊണ്ടും. ചില പ്രത്യേക പ്രസ്താവനകൾ ദൈവവചനം വായിക്കുകയോ കേൾക്കുകയോ ചെയ്യുന്നതു കൊണ്ട് ഉണ്ടാകുന്നതാണ്. ഉദാഹരണമായി വിശ്വസിക്കയും സ്നാനമേല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും എന്നതു പ്രകൃതിയിൽ നോക്കി വിശ്വസിക്കാവുന്നതല്ല. അതു ദൈവ വചനത്തിൽ നിന്നു മാത്രം ലഭിക്കുന്നതാണ്.

മറ്റൊരു പ്രധാനപ്പെട്ട കാര്യം ശ്രദ്ധിക്കുക. യേശുക്രിസ്തുവിലോ മറ്റേതെങ്കിലും ഒരു വ്യക്തിയിലോ വിശ്വാസം ഒരാൾക്ക് ഉണ്ടെങ്കിൽ അതിൽ അയാളുടെ ഏതു പ്രസ്താവനയും വിശ്വസിക്കും എന്നർത്ഥം. അതിനു എതിരായതും വാസ്തവമാണ്. ഒരു വ്യക്തിയിൽ വിശ്വാസമില്ലെങ്കിൽ അയാൾ പറയുന്ന പ്രസ്താവനയും വിശ്വസിക്കയില്ല. അവിശ്വാസിയായ ഒരാളെങ്കിലും "കടയിൽ ഒരു കിലോ കോഴിക്കു ഇരുപതു രൂപയായി കുറഞ്ഞു എന്നു പറഞ്ഞാൽ നിങ്ങൾ വിശ്വസിച്ചേക്കാം". പക്ഷെ നിങ്ങൾ പോയി വാങ്ങണമെന്നില്ല. എന്നാൽ നിങ്ങൾക്കു വിശ്വസ്തനായ ഒരാളാണ് അതു പറയുന്നതെങ്കിൽ നിങ്ങൾ ഉടൻ തന്നെ പോയി വാങ്ങുവാൻ ശ്രമിക്കും. വിശ്വസിക്കുന്ന ഒരാളുടെ പ്രസ്താവനയും വിശ്വസിക്കാത്ത ഒരാളുടെ പ്രസ്താവനയും തമ്മിലുള്ള വ്യത്യാസം വ്യക്തമായല്ലോ. ശക്തരായ സാക്ഷികളുടെ സാക്ഷ്യത്തെയാണ് തോമസ് നിരാകരിച്ച് തള്ളിക്കളഞ്ഞതു. ആ സാക്ഷ്യത്തെ പരിശോധിക്കാൻ പോലും തയ്യാറാകാത്ത ഒരു നിഷേധം ആയിരുന്നില്ല അതു. അവൻ യേശുവിനെ നേരിട്ടു കണ്ടപ്പോൾ അനന്തരഫലമായി യേശു പറഞ്ഞതെല്ലാം അവൻ വിശ്വസിച്ചു.

ഒരു വ്യക്തിയിലും അവന്റെ പ്രസ്താവനയിലും വിശ്വാസം ഉണ്ടാകുന്നതിനപ്പുറമായി നാം ചിലതു ചെയ്യേണ്ടതാണെന്ന് നിർദ്ദേശിക്കുക കൂടെ ഞാൻ ലേഖനത്തിൽ ഉദ്ദേശിക്കുന്നുണ്ട്. ക്രിസ്തുവിൽ നാം വിശ്വാസമർപ്പിക്കുമ്പോൾ അദ്ദേഹത്തിൽ

നമ്മുടെ ജീവിതം മുഴുവൻ ആശ്രയിപ്പാൻ സമർപ്പിക്കണം. അവൻ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റു എന്ന വിശ്വാസത്തോടൊപ്പം അവന്റെ ഉപദേശങ്ങൾ അനുസരിക്കേണ്ടതു അനിവാര്യമെന്നും പരിശോധിച്ച് മനസ്സിലാക്കേണ്ടതുണ്ട്. അതുകൊണ്ട് താഴെ പറയുന്ന കാര്യങ്ങൾ തിരിച്ചറിയേണ്ടതാണ്, ഒരു വ്യക്തിയിൽ, വസ്തുതയിൽ വിശ്വസിക്കുക എന്നതും ആശ്രയിക്കുക എന്നതും രണ്ടും രണ്ടാണ്. അടുത്തതായി വിശ്വാസം കേൾവിയാലും കേൾവി ദൈവവചനത്താലും വരുന്നു(യോഹന്നാൻ20:31; റോമർ10:17).വെറും തോന്നലുളവാകുന്ന പ്രതീതിയല്ല വിശ്വാസത്തിലുള്ളത്. സംശയദൂരീകരണം വരുത്തുന്ന ഒന്നാണ് വിശ്വാസം.പൊതുവായുള്ള വിശ്വാസവും പ്രത്യേകമായുള്ള വിശ്വാസവും ഉണ്ട് എന്ന കാര്യവും നാം മറക്കരുതു.

കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ മലയോടു നീങ്ങി കടലിൽ പോകുവാൻ പറഞ്ഞാൽ അതു സംഭവിക്കും എന്ന കർത്താവിന്റെ പ്രസ്താവന എത്ര അന്വർത്ഥമാണ് ! കടുകു മണിയിൽ അല്പം പോലും സ്ഥലം ഒഴിവില്ലാതെ പൂർണ്ണമായി പരിപ്പ് നിറഞ്ഞു നിൽക്കുന്നു. നമ്മുടെ വിശ്വാസത്തിനു ഒട്ടും വിടവു വരാൻ പാടില്ല. ഹൃദയത്തിൽ വിശ്വാസം നിറഞ്ഞിരിക്കണം. വിശ്വാസമില്ലാത്ത നമ്മുടെ ഹൃദയത്തിൽ എന്തെങ്കിലും അവശേഷിച്ചാൽ അതു പാപമായി പരിഗണിക്കും. അപ്പോൾ നമ്മുടെ പ്രാർത്ഥനയ്ക്കു ദൈവം ചെവി കൊടുക്കില്ല.ശക്തമായ ക്രിസ്തീയ ജീവിതത്തിനു മറ്റൊന്നും കൊണ്ടു ചലിക്കാത്ത വിശ്വാസം ആവശ്യമാണ്.മറ്റുള്ളവരെ ബോധ്യപ്പെടുത്തുവാൻ തക്ക ഉറപ്പു നമ്മിൽ ഉണ്ടാവുകയും വേണം

തെളിവുകൾ ഏതൊരു കാര്യത്തിലും പരിശോധിക്കുന്നതു തെറ്റല്ല. അതുറപ്പു വരുത്താൻ ഉതകുന്നതാണ്.തോമസ് തന്റെ മനസിലുള്ള അഭിലാഷം വ്യക്തമാക്കുകയാണ് ചെയ്തതു.സംശയം വെച്ചു കൊണ്ടിരിക്കാതെ പൂർണ്ണമായി വിശ്വസിക്കുവാൻ കഴിവുള്ളവരായിരിക്കണം നാം. നിങ്ങൾ എങ്ങനെയുള്ള വ്യക്തിയാണ്?സംശയാലുവാണോ?അതു നിവാരണം നടത്തുവാൻ തയ്യാറാണോ? വചനം പരിശോധിച്ച് വിശ്വാസം പൂർണ്ണമാക്കുക.

അന്ധമായി വിശ്വസിപ്പാനല്ല ദൈവം നമ്മോടു ആവശ്യപ്പെടുന്നത്. വിശ്വസിക്കത്തക്ക തെളിവുകൾ നിരവധി ഉണ്ടായിട്ടും ദൈവത്തെ അറിയുകയോ വിശ്വസിച്ച് അനുസരിക്കുകയോ ചെയ്യാതെ ജീവിക്കുന്ന മനുഷ്യർക്ക് അയ്യോ കഷ്ടം !

★

## ക്രിസ്തുവിന്റെ ഉയിർപ്പ് നോക്കുക

### ഡില്ലാർഡ് തർമാൻ

തോട്ടത്തിലെ, യേശുവിന്റെ ശരീരം വെച്ചതായ കല്ലറതുറന്നും ശൂന്യവുമായി കാണപ്പെട്ട വസ്തുത ബൈബിളിൽ എല്ലാ ഭാഗത്തും രേഖപ്പെടുത്തിയിരിക്കുന്ന സാക്ഷ്യം വളരെ അത്ഭുതം ഉളവാക്കുന്ന ഒന്നാണ്. സ്ത്രീകൾ കല്ലറക്കൽ കരഞ്ഞുകൊണ്ടു നില്ക്കുമ്പോൾ ദൂതൻ അവരോടു പറഞ്ഞതു ക്രിസ്ത്യാനിത്വത്തിന്റെ അതി പ്രാധാന്യവും ശക്തിയും ജീവനും ആണെന്നു തെളിയിക്കുന്നു. ആ സ്ത്രീകൾ ഭയപ്പെട്ടു മുഖം കുനിച്ചു നില്ക്കുമ്പോൾ അവൻ അവരോടു: നിങ്ങൾ ജീവനുള്ളവനെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നതു എന്തു? അവൻ ഇവിടെ ഇല്ല; ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്നു പറഞ്ഞു (ലൂക്കോസ് 24:5-6). ഈ സംഭ്രമജനകമായ വാർത്ത സ്ഥിരീകരിച്ചുകൊണ്ട് ക്രിസ്തീയ സേവനത്തിന്റെ വാതിൽ തുറന്നിടുകയും തെളിയിക്കുകയും ചെയ്തു. അവൻ പിതാവിന്റെ അടുക്കലേക്കു സ്വർഗ്ഗാരോഹണം ചെയ്തു പോകുന്നതിനു മുൻപ് അവർക്കു പ്രത്യക്ഷനായി. യേശുക്രിസ്തുവിന്റെ ഉയിർപ്പിന്റെ മാഹാത്മ്യത്തെ അവഗണിച്ചുകൊണ്ട് മാസത്തിലൊരിക്കലോ, വർഷത്തിലൊരിക്കലോ നിസാരമായ മനുഷ്യനിർമ്മിതമായ ആഘോഷത്താലോ ഈസ്റ്റർ എന്ന പേരിലോ മറ്റോ നടത്തുന്നതു എത്ര ഖേദകരമാണ്. ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ അതേപോലെ നാം അനുസരിക്കണം (1 കൊരിന്ത്യർ 11:23-28).

### തന്റെ ഉയിർപ്പ് യേശു മുന്നറിയിച്ചിരുന്നു

യേശു, തന്റെ പരസ്യ ശുശ്രൂഷക്കിടയിൽ ശിഷ്യന്മാരോടു തന്റെ ആസന്നമായ മരണത്തെ അറിയിച്ചിരുന്നു. അതിനുശേഷം മൂന്നാം നാൾ അവൻ വിജയകരമായി ഉയിർത്തെഴുന്നേല്ക്കുമെന്നും സൂചിപ്പിച്ചിരുന്നു. യേശു യെഹൂദന്മാരോടു; ഈ മന്ദിരം പൊളിപ്പിൻ; ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും എന്നു ഉത്തരം പറഞ്ഞു. പക്ഷേ അവർക്ക് അതു മനസിലായില്ല. അവൻ പറഞ്ഞതു തന്റെ ശരീരമെന്ന മന്ദിരത്തെക്കുറിച്ചാണ്. ഒരു അടയാളം ചെയ്തു കാണിക്കണമെന്നു യേശുവിനോടു പരീശന്മാരും ശാസ്ത്രിമാരും ആവശ്യപ്പെട്ടു. അവൻ അവരോട് പറഞ്ഞതു; ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തിരയുന്നു. യോനാപ്രവാചകന്റെ അടയാളമല്ലാതെ അതിനു അടയാളം ലഭിക്കയില്ല.

യോനാ കടലാനയുടെ വയറ്റിൽ മൂന്നു രാവും മൂന്നു പകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്നു രാവും പകലും ഭൂമിയുടെ ഉള്ളിൽ ആയിരിക്കും എന്നത്രെ (മത്തായി 12:39-40).

ഉയിർത്തെഴുന്നേല്പിനെ കുറിച്ചുള്ള കർത്താവിന്റെ ഉപദേശങ്ങൾ യെഹൂദന്മാർക്കോ അവന്റെ ശിഷ്യന്മാർക്കോ ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. അവരെ തികച്ചും അമ്പരപ്പിക്കുകയായിരുന്നു അവ. എന്നാൽ അവൻ ഉയിർത്തെഴുന്നേറ്റു വന്നപ്പോൾ അവർ അതെല്ലാം ഓർത്തു. അങ്ങനെ അവന്റെ പ്രവചനം ഓരോന്നും നിറവേറി. അനന്തരം അവൻ പന്തിരുവരെ കൂട്ടിക്കൊണ്ടു അവരോടു, ഇതാ നാം യെരുശലേമിലേക്കു പോകുന്നു. മനുഷ്യപുത്രനെക്കുറിച്ചു പ്രവാചകന്മാർ എഴുതിയിരിക്കുന്നതെല്ലാം നിവർത്തിയാകും. അവനെ ജാതികൾക്കു ഏൽപ്പിച്ചു കൊടുക്കയും അവർ അവനെ പരിഹസിച്ചു, അപമാനിച്ചു, തുപ്പി, തല്ലിയിട്ടു കൊല്ലുകയും മൂന്നാം നാൾ അവൻ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും എന്നു പറഞ്ഞു. അവരോ ഇതൊന്നും ഗ്രഹിച്ചില്ല. ഈ വാക്കു അവർക്കു മറവായിരുന്നു. അവർ തിരിച്ചറിഞ്ഞതുമില്ല(ലൂക്കൊസ് 18:31-34).

## ഉയിർപ്പിന്റെ സ്വാധീന മാറ്റം

പ്രഭാതത്തിൽ യേശുവിന്റെ കല്ലറക്കൽ പോയ സ്ത്രീകളുടെ ജീവിതം മാറ്റപ്പെട്ടു. യേശു ഉയിർത്തെഴുന്നേറ്റു എന്നു പ്രസ്താവിച്ച ശേഷം ദൂതൻ അവരോട്, അവൻ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേറ്റു എന്നു വേഗം ചെന്നു അവന്റെ ശിഷ്യന്മാരോടു പറവിൻ; അവൻ നിങ്ങൾക്കു മുൻപു ഗലീലക്കു പോകുന്നു അവിടെ നിങ്ങൾ അവനെ കാണും എന്നു ഞാൻ നിങ്ങളോടു പറഞ്ഞിരിക്കുന്നു(മത്തായി 28:7). ഇതു ഉറപ്പിക്കുന്നതിനു യേശു അവരെ കണ്ടു പറയുന്നത്, നിങ്ങൾക്കു വന്ദനം എന്നു പറഞ്ഞു; അവർ അടുത്തു ചെന്നു അവന്റെ കാൽ പിടിച്ചു അവനെ നമസ്കരിച്ചു. യേശു അവരോടു ഭയപ്പെടേണ്ട, നിങ്ങൾ പോയി എന്റെ സഹോദരന്മാരോടു ഗലീലക്കു പോകുവാൻ പറവിൻ. അവിടെ അവർ അവനെ കാണും എന്നു പറഞ്ഞു (വാക്യം 10). ആർക്കും നിഷേധിക്കാനാകാത്തതാണ് യേശുവിന്റെ ഉയിർപ്പ്. അതു സർവ്വ മനുഷ്യരുടേയും നീതീകരണത്തിനായിരുന്നു.

★

## വാർത്തകൾ

### ഹർത്താൽ : സർക്കാറിനു നഷ്ടം കോടികളെന്ന് ഹൈക്കോടതി

ബന്ദിന്റെയും ഹർത്താലിന്റെയും പേരിൽ നിർമ്മാണ മേഖല സ്തംഭിക്കുമ്പോൾ സർക്കാരിന്റെ ഖജനാവിൽ നിന്നു കോടികൾ നഷ്ടമാകുന്നുണ്ടെന്നു ഹൈക്കോടതി. ആലുവ -ചേർത്തല നാലുവരിപ്പാത വീതികൂട്ടലിന്റെ കരാറുകാരായ ന്യൂഡൽഹിയിലെ സോംദത്ത് ബിൽഡേഴ്സിന്റെ ആർബിട്രേഷൻ തർക്കം തീർപ്പാക്കവെയാണ് ഇക്കാര്യം കോടതി ചൂണ്ടിക്കാട്ടിയത്

ആലുവ-അരൂർ ദേശീയപാതയുടെ വീതികൂട്ടലിന് 78 കോടി യുടെ കരാർ അനുവദിച്ചു നൽകിയത് 1994 ലാണ്. എന്നാൽ പദ്ധതി ഏറ്റെടുത്ത ശേഷം 1995 മുതൽ മൂന്നുവർഷങ്ങളിൽ ബന്ദ്,പണിമുടക്ക്, ബസ്, ലോറി സമരം ഇവ മൂലം പത്തോളം ദിവസങ്ങളിൽതൊഴി ലാളികൾ എത്താത്തതു മൂലം പണി മുടങ്ങി. 1995-ൽ നവംബറിലെ ഒരു ബന്ദോടെയാണു സമരപരമ്പരകളുടെ തുടക്കം. 96ൽ മൂന്നു ബന്ദും ഒരു പൊതുപണിമുടക്കും ഒരു ബസ് സമരവും നടന്നു. 97- ൽ മൂന്നു ബന്ദും ഒരു ബസ്-ലോറി സമരവും നടന്നു.പണിമുടക്കു ദിവസങ്ങളിൽ 34,000രൂപ തുടങ്ങി ഏഴു ലക്ഷം രൂപവരെ നഷ്ടം കണക്കാക്കി, മൊത്തം ഒരു കോടിയിലേറേ രൂപയാണു കരാറുകാരൻ ക്ലെയിം ചെയ്തത്.ന്യായമായ കാരണങ്ങൾ ബോധിപ്പിച്ചിട്ടുള്ളതി നാൽ ഈ തുക അനുവദിക്കാതെ തരമില്ലെന്നു കോടതി വ്യക്തമാക്കി

“ബന്ദിനെക്കുറിച്ചു കേൾക്കുമ്പോൾ ഇത്തരം നഷ്ടങ്ങളെക്കുറിച്ചു ജനം അജ്ഞരാണ്. 45 കിലോമീറ്റർ റോഡുപണിക്ക് ഒരു കോടിയിലേറെ നഷ്ടമാണെങ്കിൽ, സംസ്ഥാനമൊട്ടാകെ റോഡുപണിക്കുണ്ടാകുന്ന നഷ്ടം സങ്കൽപ്പിക്കാവുന്നതിനപ്പുറമാണ്” ഉത്തരവിൽ പറയുന്നു.റോഡ് പണി 1994 മാർച്ച് 11ന് ആരംഭിച്ച് 97 ഓഗസ്റ്റ് 14ന് അവസാനിക്കണമെന്നായിരുന്നു വ്യവസ്ഥ. കരാർ തുക വർദ്ധിപ്പിച്ചു നൽകുന്നതു സംബന്ധിച്ച തർക്കത്തിൽ,കമ്പനിക്കു മുഴുവൻ തുകയും അനുവദിച്ച് ആർബിട്രൽ ട്രൈബ്യൂണൽ ഉത്തരവിറക്കി.

ഇതിനെതിരെ സർക്കാർ അപ്പീൽ നൽകിയെങ്കിലും എറണാകുളം ജില്ലാക്കോടതി തള്ളിയ സാഹചര്യത്തിലാണ്

ദേശീയ പാതയുടെ ചുമതലയുള്ള പൊതുമരാമത്ത് ചീഫ് എൻജിനീയർ സർക്കാരിനു വേണ്ടി ഹൈക്കോടതിയിൽ അപ്പീൽ നൽകിയത്.

★

## ഹംപിൽ തട്ടിനിരങ്ങി നരകയാത്ര; പരിഷ്ക്കാരം ഗതാഗതക്കുരുക്കിൽ

പൊലീസ് ആസ്ഥാനത്തിനു മുൻപിലെ ഹംപ് മാനദണ്ഡങ്ങൾ ലംഘിച്ചാണെന്ന് റോഡ് നിർമ്മാണ മേഖലയിലെ വിദഗ്ദ്ധർ ചൂണ്ടിക്കാട്ടി. ഏതെങ്കിലും ജംക്ഷനിലോ ഇടറോഡുകളിലോ ആണ് പൊതുവേ ഹംപുകൾ സ്ഥാപിക്കേണ്ടത്. ഒരു ഓഫീസിലേക്കു പോകാനുള്ള സൗകര്യത്തിനായി ഹംപ് സ്ഥാപിക്കുന്നതു ശരിയല്ലെന്ന് വിദഗ്ദർ പറഞ്ഞു. പൊലീസ് ആസ്ഥാനത്തു നിന്നിറങ്ങുന്ന വാഹനങ്ങൾ 90 ഡിഗ്രി വളഞ്ഞ് റോഡിന്റെ മറുഭാഗത്തേക്കു കയറുന്നതു ട്രാഫിക് നിയമങ്ങളുടെ ലംഘനമാണെന്ന് പേരുവെളിപ്പെടുത്താതെ പൊലീസു കാർ പറഞ്ഞു. ട്രാഫിക് നിയമപ്രകാരം ഡി.ജി.പി ഓഫീസിൽ നിന്നിറങ്ങുന്ന വാഹനങ്ങൾ വഴുതക്കാട് ഭാഗത്തേയ്ക്ക് പോയതിനുശേഷം റൗണ്ട് കറങ്ങിയാണ് റോഡിന്റെ മറുഭാഗത്തേയ്ക്കു പോകേണ്ടത്. 'ഇവിടെ നിയമങ്ങൾ സാധാരണക്കാർക്കു മാത്രമല്ലേ' എന്നും ഒരു കോൺസ്റ്റബിൾ ചോദിച്ചു.

★

## 'ഉത്തരമൊക്കെ ആരുതാങ്ങും,പല്ലിയില്ലായിരുന്നെങ്കിൽ'

കോളേജ് ബസ് ജംക്ഷനുകളിൽ നിർത്തി ആളെ കയറ്റുകയാണ്. ഒരു പയ്യൻസ് സ്വയം പ്രഖ്യാപിത കണ്ടക്ടറായി ആളെ കയറ്റുന്നു.ബസിന്റെ മുകളിലുള്ള ജനകീയവടിയിൽ പിടിച്ചു നിൽപ്പന്മാരോട് അകത്തേക്കു കയറിനിന്നു'സഹകരിക്കാൻ'ആഹ്വാനം. പയ്യൻ ഡിഗ്രി ഫസ്റ്റ് ഇയറാണെന്നു വച്ചോ. ഇതുപോലൊരുപാട് പയ്യന്മാരെ കണ്ട സാറന്മാർക്കറിയാം എന്താണുദ്ദേശമെന്ന്. ഫൈനൽ ഇയറിൽ ഇതേ പയ്യൻ കോളേജിൽ യൂണിയൻ ചെയർമാനായി.

★

30 ലക്ഷം രൂപയുടെ വൈദ്യുതി മോഷണം കണ്ടെത്തി

വൈദ്യുതി ബോർഡിലെ വൈദ്യുതി മോഷണ വിദഗ്ദ സ്ക്വാഡ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തിയ നൂറ്റിപ്പതിനഞ്ചിൽ പരം പരിശോധനകളിൽ 30 ലക്ഷം രൂപയുടെ വൈദ്യുതി മോഷണ വും മറ്റ് ക്രമക്കേടുകളും കണ്ടെത്തി. ഇവയിൽ ആറ് വൈദ്യുതി മോഷണവും 31 മറ്റ് ക്രമക്കേടുകളും ഉൾപ്പെടും. കൊല്ലത്തെ ഒരു ഹോട്ടലിൽ 25ലക്ഷം രൂപയുടെ വൈദ്യുതി വെട്ടിപ്പാണു കണ്ടെത്തിയത്. തിരുവനന്തപുരത്ത് മണക്കാട് ജംക്ഷനിലെ ഹോട്ടൽ, ജൂസ്ഷോപ്പ് എന്നിവിടങ്ങളിൽ മീറ്ററിന്റെ കൗണ്ടറിൽ വ്യതിയാനം വരുത്തിയാണു വൈദ്യുതിമോഷണം നടത്തിയിരുന്നത്. തിരുവനന്തപുരത്ത് ബീച്ചിലും പേരൂർക്കടയിലും വീടുകളിൽ കൃത്രിമം നടത്തിയത് കണ്ടെത്തി.

★

## ഇരട്ടപൗരത്വം ഓഗസ്റ്റ് 15 മുതൽ അനുവദിക്കും

വിദേശ പൗരത്വമുള്ള ഇന്ത്യൻ വംശജർക്ക് ഓഗസ്റ്റ് പതിനഞ്ചോടെ ഇന്ത്യൻ പൗരത്വവും നൽകാനുള്ള നടപടികളായെന്ന് അധികൃതർ വ്യക്തമാക്കി. വിസ സ്റ്റിക്കറും റജിസ്ട്രേഷൻ കാർഡു കളും അപ്പോഴേക്കു തയാറാകും. ഇരട്ട പൗരത്വത്തിനു പുറമേ ആജീവനാന്ത പ്രാബല്യമുള്ള പ്രവേശനത്തവണ സംബന്ധിച്ചു നിയന്ത്രണമില്ലാത്ത 'യു' വിസയും വിദേശ ഇന്ത്യൻ വംശജർക്കു ലഭ്യമാക്കും. എന്നാൽ പാക്കിസ്ഥാൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിലെ ഇന്ത്യൻ വംശജർക്ക് ഇരട്ട പൗരത്വവും 'യു' വിസയും അനുവദിക്കില്ല.

★

## സിവിൽ സ്റ്റേഷനിൽ മദ്യശാല: 11 ജീവനക്കാർ കുടുങ്ങി

മൂത്രപ്പുരയുടെ ശോച്യാവസ്ഥ നേരിട്ടറിഞ്ഞു നടപടിയെടുക്കാൻ ഇറങ്ങിയ കലക്ടർക്കു നടപടിയെടുക്കേണ്ടിവന്നതു സിവിൽ സ്റ്റേഷനെ വെള്ളപ്പുരയാക്കുന്നവർക്കെതിരെ, രണ്ട് ഓഫീസുകളിലായി മദ്യപാനം നടത്തുകയായിരുന്ന സംഘങ്ങളിലെ പതിനൊന്നു പേരാണു പിടിയിൽ പെട്ടത്.

സിവിൽ സ്റ്റേഷനിലെ മൂത്രപ്പുര ശോച്യാവസ്ഥയിലാണെന്ന് നേരത്തെതന്നെ വിവിധ എൻ.ജി.ഒ സംഘടനകൾ കലക്ടർക്ക് നിവേദനം നൽകിയിരുന്നു. ബുധനാഴ്ച്ച വൈകുന്നേരം എസ്റ്റേറ്റ് കമ്മിറ്റി യോഗം കഴിഞ്ഞ് ആറരയോടെ മൂത്രപ്പുരകളുടെ ശോച്യാവസ്ഥ നേരിൽ മനസിലാക്കാൻ തീരുമാനിച്ചു കലക്ടർ രച്ന ഷാ. ഇതോടെയാണ് കുപ്പിക്കൂട്ടായ്മ വെളിച്ചത്തായത്.

★

## കാമുകൻ തീകൊളുത്തി കൊലപ്പെടുത്തിയതു സംശയത്തിന്റെ പേരിലെന്ന് മരണമൊഴി

പരുത്തിപ്പള്ളി മാടൻകോണത്തു വീട്ടിൽ സിന്ധു (23)വിനെ കാമുകൻ അമ്പിളി മണ്ണെണ്ണയൊഴിച്ച് തീകൊളിത്തിയതു സ്വഭാവ ശുദ്ധിയിലുള്ള സംശയംകൊണ്ടാണെന്നു മരണമൊഴി.കഴിഞ്ഞ ഞായറാഴ്ച ഉച്ചക്കാണു സിന്ധുവിനെ ചുട്ടുകൊല്ലാൻ അമ്പിളി ശ്രമിച്ചത്. ഗുരുതരമായി പൊള്ളലേറ്റ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന സിന്ധു ബുധനാഴ്ച മരിച്ചു

## പറക്കമുറ്റാത്ത കുരുന്നുകളെ എങ്ങനെ പോറ്റണമെന്നറിയാതെ പതിനാലുകാരൻ

അനാഥത്വം ബാല്യം കവർന്ന അഭിലാഷിനും കൗമാരത്തിലേക്കു കാലൂന്നും മുൻപ് രക്ഷകനാകാൻ നിയോഗം. പറക്കമുറ്റാത്ത രണ്ടു കുരുന്നുകളെ എങ്ങനെ പോറ്റണമെന്നറിയാതെ പകച്ചു നിൽക്കുകയാണീ ബാലൻ. കാമുകൻ ചുട്ടുകൊന്ന പരുത്തിപള്ളി സ്വദേശിനി സിന്ധുവിന്റെ ഏകസഹോദരൻ അഭിലാഷ് (14) വിധിയുടെ മുന്നിൽ തളരുകയാണ്.ലാളന ഏറ്റു വാങ്ങേണ്ട പ്രായത്തിൽ അമ്മയെ നഷ്ടമായി. ഒന്നും ഉരിയാടാതെ പിന്നാലെ അച്ഛൻ പടിയിറങ്ങി. പിന്നെ എല്ലാമെല്ലാം ചേച്ചി മാത്രമായി. സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തി എത്തും മുൻപ് രണ്ടു കുരുന്നുകളെ കയ്യിലേൽപിച്ച് ചേച്ചിയും യാത്രയായി. മൂന്നരയും ഒന്നരയും വയസുള്ള കുഞ്ഞുങ്ങളെ എങ്ങനെ പോറ്റുമെന്ന് അഭിലാഷിന് നിശ്ചയമില്ല.

★

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| **Hindi** | Sundays 6:45 A.M.-7:00 A.M. and Thursdays, 6:45 A.M- 7:00 A.M. Speaker Sunny David, Box 3815, New Delhi - 110049 |
| **Malayalam** | Firday 3:45 - 4.00 P.M. Speaker : P. K.Varghese Box 5540, Trivandrum - 34 |
| **Tamil** | Mondays, Tuesdays, Wednesdays, Thursdays, Fridays 5:30 P.M. to 5.45 P. M. Speaker: P.R. Swamy, Box 8405, Bangalore- 560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P. M - 2:15 P. M. Speaker, Joshua Gootam, Box-80, Kakinada - 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your langauage. All of these programmes are sponsored by

## CHURCHES OF CHRIST

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum - 695 035, Kerala, India

**Price of Single Copy : Rs. 4/-**
Annual subscription : Rs. 50/-
Reg. No.K. Dis. 90095/86/A8. Reg. No. KL(N) 22/2003-2005
Licensed to post without prepayment No. Tech/62-2 TV(N) 40/2005

*Join us to worship God in Spirit and Truth*
*The*
**CHURCH OF CHRIST**
Meets at T.C. 27/225
Thampuranmukku, Trivandrum-35
**Sunday - worship -10.00 am**
**Tuesday - Bible Study - 6.00 pm**
**ALL ARE WELCOME**

All correspondence should be sent to the Editor, The Bible Truth
Post Box No. 5540, Trivandrum-34, Kerala, India.

*To*

*From*

**THE BIBLE TRUTH**
**Church of Christ**
Thampuranmukku,
Trivandrum-35
Kerala, India.
Phone : 2303378